
ചെറിയ കാര്യങ്ങളുടെ പ്രസക്തി ചെറിയ കാര്യങ്ങളുടെ പ്രസക്തി ചെറിയ കാര്യങ്ങളുടെ പ്രസക്തി

# ലിറ്റിൽ മാസിക

2012 മാർച്ച്

ലക്കം 136





കേരളത്തിൽ അങ്ങോളമുള്ള ശിവപ്രസാദ് മാഷിന്റെ പല ശിഷ്യൻമാരും സ്നേഹിതരും വർത്തമാന പത്രങ്ങളിലെ ചരമ കോളത്തിൽ ഒതുങ്ങിയ അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞില്ല. നമ്മുടെ മാധ്യമങ്ങളുടെ മുൻഗണനകളെ കുറിച്ചും അജണ്ടകളെ കുറിച്ചും ഉള്ള ഗൗരവതരമായ ആലോചനകൾക്ക് കൂടി അദ്ദേഹത്തിന്റെ വിയോഗം നിമിത്തമായിരിക്കുകയാണ്.

## മറ്റൊരു ജൈവ മനുഷ്യൻ കൂടി...

## ലിറ്റിൽ മാസിക 20-ാംവർഷം

ഇന്ത്യയിലെ നിരക്ഷരരായ ഗ്രാമീണരുടെ ഉൾവിളി (Intution) അമേരിക്കൻ ജനതയുടെ ബുദ്ധിശക്തിക്ക് (Intelligence) എത്രയോ മുകളിലാണ്.

*-സ്റ്റീവ് ജോബ്സ്*

*1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.*

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി

copyleft


**മൊഴിയാഴങ്ങൾ**

**ഷൗക്കത്ത്**



## അറിവിനെ അനുഭവിപ്പിക്കുന്ന സംഗീതം

ശാസ്ത്രമാണോ ആത്മീയതയാണോ മനുഷ്യന് ഉപകരിച്ചിട്ടുള്ളതെന്ന ചർച്ചയിലായിരുന്നു ഞങ്ങൾ. സൗമ്യമായി തുടങ്ങിയ ചർച്ച മുന്നോട്ടുപോകുന്തോറും ചൂടുപിടിച്ച തർക്കമായി. മതങ്ങളും ദർശനങ്ങളും സമൂഹത്തിലുണ്ടാക്കിയ വിഭാഗീയതകളിൽ രോഷാകുലരായിരുന്നു ഞങ്ങളിൽ ഭൂരിഭാഗവും. ശാസ്ത്രത്തിന്റെ കടന്നുകയറ്റമാണ് വിനാശത്തിനു കാരണമെന്ന് കാര്യകാരണസഹിതം വാദിക്കുന്നവരുമുണ്ട്. സദസ്സ് ശിഥിലമായി. ഏവരും അസ്വസ്ഥരായി. പൊടുന്നനെ അടുത്ത മുറിയിൽ നിന്നും ഒരു മുരളീനാദം ഒഴുകിയെത്തി. ഏവരും അറിയാതെ എഴുന്നേറ്റു ആ മുറിയിലേക്കു നടന്നു. വാദങ്ങളും തർക്കങ്ങളും ഒഴിഞ്ഞ് മൗനത്തിൽ മുഴുകിയിരിക്കുന്ന ഒരേ ആത്മാവിന്റെ സ്പന്ദനങ്ങളായിമാറി എല്ലാവരും. എല്ലാ വലിഞ്ഞുമുറുകലുകളിൽ നിന്നും ആ നാദം ഞങ്ങളെ മുക്തരാക്കി. വൈരുദ്ധ്യങ്ങളെല്ലാം അഴിഞ്ഞുവീഴുക ഏതൊരനുഭവത്തിലാണെന്ന് അന്നു ഞങ്ങളറിഞ്ഞു.



**8**

**ചെഖോവിന്റെ കഥ**

***ബെയർഫൂട്ട് കോളേജിനെക്കുറിച്ചുള്ള വിവരണത്തിന്റെ അവസാനഭാഗം*** **5**



അവഗണിക്കപ്പെടുന്ന ദരിദ്ര ഗ്രാമീണരുടെ മറഞ്ഞുകിടക്കുന്ന കഴിവുകളെ പുറത്തേക്കു കൊണ്ടുവരികയാണ് ബെയർഫൂട്ട് കോളേജ്

*“നമ്മുടെ പാവപ്പെട്ട ഗ്രാമീണർക്കു വേണ്ടത് ജീവകാരുണ്യ സഹായങ്ങളല്ല. അവസരങ്ങളാണ്. സ്വന്തം കഴിവുകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ”*

ബാബാ ആംതെ

അനുഭവം

# സർദാർജി തന്ന അഞ്ചു രൂപ പഠിപ്പിച്ചത്

ഗിരീഷ് ഡി

*അല്പജ്ഞാനികളായ നാലുപേർക്ക് അഞ്ചുരൂപ വീതം നൽകി പണം നഷ്ടപ്പെട്ട സർദാർജിയുടെ കണ്ണുതുറപ്പിക്കുന്ന കഥ*

ചെറുപ്പത്തിന്റെ തിളപ്പും സാമ്പത്തിക ഭദ്രതയുടെ ചെറിയൊരു അഹങ്കാരവുമുള്ള നാലുപേർ ഒരിക്കൽ അമൃതസറിലേക്ക് വിനോദയാത്ര പോയി. സവാരിക്കായി ഒരു സർദാർജിയുടെ കാർ വാടകയ്ക്ക് വിളിച്ചു.

പഞ്ചാബികളെ മുഴുവൻ ഭോഷൻമാരായ സർദാർജിമാരായി മനസ്സിൽ കണ്ട അവർ തമാശകൾ പൊട്ടിക്കാൻ തുടങ്ങി. യാത്രയിലുടനീളം സർദാർജി ഫലിതങ്ങൾ ഇംഗ്ലീഷിലും ഹിന്ദിയിലും സങ്കര ഭാഷകളിലും പറഞ്ഞ് അവർ ചിരിച്ചുകൊണ്ടിരുന്നു. കാർ ഡ്രൈവർ സർദാർജി ഇതൊന്നും കേൾക്കാത്ത മട്ടിൽ ഡ്രൈവിംഗിൽ ബദ്ധശ്രദ്ധാലുവായി. ഇരുവശങ്ങളിലും സ്വർണ്ണവർണ്ണമാർന്ന ഗോതമ്പുപാടത്തിന്റെ നടുവിലൂടെയുള്ള വിശാലമായ പാതയിലൂടെ അയാൾ പുഞ്ചിരിയോടെ കാറോടിച്ചുകൊണ്ടിരുന്നു. ചെറുപ്പക്കാരായ യാത്രികരുടെ പരിഹാസ പ്രകടനങ്ങളിൽ അയാൾ അക്ഷോഭ്യനായിരുന്നു.

കാർ അമൃതസറിലെത്തി. ഹോട്ടലിനു മുമ്പിലിറങ്ങുമ്പോൾ യാത്രികരിലൊരാൾ സർദാർജിയോട് ചോദിച്ചു. "ജീ... ഏകദേശം ഒന്നര മണിക്കൂറോളം ഞങ്ങൾ താങ്കളുടെ കാറിൽ യാത്ര ചെയ്യുന്നു. താങ്കൾക്കിഷ്ടപ്പെടാത്ത തമാശകളും മറ്റും ഞങ്ങളുടെ സംഭാഷണത്തിൽ ഉണ്ടായിരുന്നല്ലോ. എന്നിട്ടും താങ്കൾ ഒരു ചെറുപുഞ്ചിരിയുമായി കാറോടിക്കുകയായിരുന്നു. തികച്ചും നിസ്സംഗമായി... ഫലിതങ്ങളിലെപ്പോലെ വലിയ തമാശകൾ ആസ്വദിക്കുന്നവരാണോ സർദാർജിമാർ?"

സർദാർജിയുടെ മുഖം വിടർന്നു. "നിങ്ങൾക്ക് സർദാർജിമാരെക്കുറിച്ച് എന്തറിയാം?"

അദ്ദേഹം കുറച്ചു കാര്യങ്ങൾ ഞങ്ങളോട് സൗമ്യമായി പറഞ്ഞു. പിന്നെ നാലുപേരെയും അടുത്തേക്ക് വിളിച്ച് പതിയെ പറഞ്ഞു. ഞാൻ നിങ്ങൾക്ക് അഞ്ചു രൂപ വീതം തരുന്നു. നിങ്ങളുടെ യാത്രകളിലെപ്പോഴെങ്കിലും എവിടെ വച്ചെങ്കിലും ഭിക്ഷാടനം നടത്തുന്ന ഒരു സർദാർജിയെ കണ്ടുമുട്ടിയാൽ ഇത് അയാൾക്കു നൽകുക! നിങ്ങൾക്ക് ഒത്തിരി യാത്രകൾ ചെയ്യാൻ ദൈവം അനുഗ്രഹിക്കട്ടെ!

ഒമ്പതു വർഷങ്ങൾ കഴിഞ്ഞു. നാലു പേരുടെയും കയ്യിൽ ആ അഞ്ചു രൂപ നോട്ട് ഇന്നും ഒരു യാത്രയുടെ സ്മാരകമായി അവശേഷിക്കുകയാണ്. ഇത്രയും കാലത്തിനിടയ്ക്ക് അവർ പലവഴിയും സഞ്ചരിച്ചു. നിരവധി സർദാർമാരെ കണ്ടുമുട്ടി. അംഗവൈകല്യമുള്ളവർ, ബധിരർ, മൂകർ, ദരിദ്രർ... പക്ഷേ അവരാരും യാചന തൊഴിലായി സ്വീകരിച്ചവരായിരുന്നില്ല. അവരാൽ കഴിയുന്ന ജോലികൾ വളരെയധികം അർപ്പണബോധത്തോടെ ചെയ്ത് അന്തസ്സായി ജീവിക്കുന്നവരായിരുന്നു അവരെല്ലാം.

അടുത്ത കാലത്ത് ഇയർ ബുക്ക് മറിച്ചു നോക്കിയപ്പോൾ ഒരു കൗതുകത്തിന് സിക്ക് സമുദായത്തിന്റെ സ്ഥിതി വിവര കണക്കുകളിലൂടെ കണ്ണോടിച്ചു. സിക്കുകാർ–

-ഇന്ത്യയിലെ വരുമാന നികുതിയുടെ 24% നൽകുന്നവർ


-ഇന്ത്യൻ പട്ടാളത്തിലെ 17% വരുന്ന ധീര സൈനികർ

-ഓരോ വർഷവും മൊത്തം സമ്പത്തിന്റെ 15% ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നവർ

-ഇന്ത്യൻ ജനസംഖ്യയുടെ കേവലം 1.61% വരുന്നവർ

അല്പജ്ഞാനികളായ നാലുപേർക്ക് അഞ്ചുരൂപ വീതം നൽകി പണം നഷ്ടപ്പെട്ട മണ്ടൻ സർദാർജിയുടെ കഥ പറഞ്ഞ് ഇനി ആരെങ്കിലും ചിരിക്കുമോ?

## ധ്യാനകഥകൾ





### ഒന്ന്

മെക്കയിലെത്തിയ സരസനായ ഒരു പണ്ഡിതൻ തെരുവിലൊരിടത്തു കിടന്നുറങ്ങി. ഒരു പുരോഹിതൻ അയാളെ കൊട്ടിയുണർത്തി. നീ എവിടേക്കാണ് കാൽ നീട്ടിവെച്ചിരിക്കുന്നത്? കിഴക്കോട്ട്. അവിടെയല്ലേ കഅ്ബാ, അവിടെയല്ലേ അള്ളാ - തിരിഞ്ഞുകിടക്കുക. കുറച്ചുനേരത്തിനുശേഷം പണ്ഡിതൻ അയാളുടെ പുറകെ ഓടി. അള്ളായില്ലാത്തൊരിടം കാണിച്ചുതരാമോ - എന്തിനാണ്? കാലൊന്നു നീട്ടിവെയ്ക്കാനാണ്.

### രണ്ട്

കത്തുകളുമായി ധൃതിയിൽ പോവുമ്പോഴാണ് യുവാവായ പോസ്റ്റുമാൻ അയാളെ ശ്രദ്ധിച്ചത്. ഒരു യാചകൻ എന്തോ ചോദിക്കാൻ ഭാവിക്കുന്നു. പിന്നെ മടിച്ച് പിൻവാങ്ങുന്നു. ഇയാൾക്കെന്താവും തന്നോട് പറയാനുണ്ടാവുക? എല്ലാ ദിവസവും അതേ സ്ഥലത്ത് അയാൾ നിൽപ്പുണ്ടാവും, പ്രതീക്ഷയോടെ. എന്തോ ചോദിക്കാൻ ഭാവിക്കുന്നു. ഒടുവിൽ ഒരു ദിവസം അയാൾ ചോദിച്ചു. കുഞ്ഞേ, ഒരു കത്ത് തരുമോ?





*നിയമം*

*1982 ൽ നിലവിൽ വന്ന് 2002 ൽ ഭേദഗതി ചെയ്ത ഈസ്മെന്റ് നിയമം പരസ്പരാശ്രിതത്വത്തിന് നിയമ പരിരക്ഷ നൽകിയിരിക്കുന്നു.*

# പരസ്പരാശ്രിതത്വം

## എന്ന മഹാ പ്രമാണം

**ബിജു ജോൺ**

ഈ ലോകത്ത് ജീവിതം എല്ലാവർക്കും ഒരുപോലെ ക്ഷേമകരം ആവാൻ പാലിക്കേണ്ട പ്രധാന ധർമ്മമാണ് പരസ്പരാശ്രിതത്വവും പരസ്പര സഹകരണവും. പ്രകൃതിയുടെ പ്രധാന പാഠം തന്നെ ഒരു ജീവിക്ക് മറ്റൊരു ജീവിയെ ആശ്രയിക്കാതെ നിലനിൽപ്പില്ല എന്നാണ്. എന്റെ സ്ഥലം ഞാൻ മതിൽ കെട്ടി 'മതി ഇതിലെ' എന്ന് സഹജീവികളോടും, 'ലക്ഷ്മണ രേഖ'കൾ വരച്ചും എൻഡോസൾഫാൻ തളിച്ചും മറ്റു ജീവജാലങ്ങളോടും പ്രഖ്യാപിക്കുന്ന മനുഷ്യൻ മാത്രം പരസ്പരാശ്രിതത്വം എന്ന മഹാ പ്രമാണം മറക്കുന്നു.

മനുഷ്യന് ക്ഷേമം പുലരാൻ മറ്റു മനുഷ്യരുടെ പിന്തുണ മാത്രമല്ല സകല ചരാചരങ്ങളുടെയും കൂടി പിന്തുണ വേണം എന്ന പ്രമാണം ഏറെക്കുറെ എല്ലാ നിയമ വ്യവസ്ഥകളും അംഗീകരിച്ചിട്ടുണ്ട്. നമുക്കുമുണ്ട് പാരസ്പര്യങ്ങളെയും പരസ്പരാശ്രിതത്വത്തേയും വിഭാവനം ചെയ്യുന്ന നിയമങ്ങൾ.

1982 ൽ നിലവിൽ വന്ന് 2002 ൽ ഭേദഗതി ചെയ്ത ഈസ്മെന്റ് നിയമം ഈ പരസ്പരാശ്രിതത്വത്തിന് നിയമ പരിരക്ഷ നൽകിയിരിക്കുന്നു. നിയമത്തിന്റെ നാലാം വകുപ്പ് ഈസ്മെന്റ് എന്ന ഒരു അവകാശത്തെ നിർവ്വചിച്ചിട്ടുണ്ട്. ഒരു ഭൂമിയുടെ ഉടമസ്ഥന്, ആ ഭൂമി അയാളുടെ പരിപൂർണ്ണമായ ഉപയോഗത്തിന്റെ ആവശ്യത്തിനായി മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മേൽ ഉള്ള അവകാശങ്ങൾ എന്നാണ് സാമാന്യമായി ഈസ്മെന്റ് എന്ന തത്വത്തെ നിർവ്വചിക്കാവുന്നത്. വ്യക്തമായി പറഞ്ഞാൽ ഒരു ഭൂമിയുടെ ഉടമസ്ഥന് ആ ഭൂമിയിലേക്ക് വഴി നടക്കാനോ, വെള്ളം, വെളിച്ചം, കാറ്റ് തുടങ്ങിയ പ്രകൃതിയുടെ വരദാനങ്ങൾ അനുഭവിക്കാനോ, മറ്റൊരു ഭൂമിയിലൂടെ ചില അവകാശങ്ങൾ സ്ഥാപിക്കേണ്ടിവരും എന്നർത്ഥം. ഒരു തുണ്ട് ഭൂമിക്ക് മാത്രമായി നിലനിൽപ്പില്ല എന്നർത്ഥം. ഒരാൾ സ്വന്തം ഭൂമിയാണെന്ന് കരുതി അതിൽ വലിയ ഗർത്തങ്ങൾ ഉണ്ടാക്കി മണ്ണ് നീക്കം ചെയ്യുകയോ മറ്റോ ചെയ്താൽ അത് തൊട്ടടുത്ത ഭൂമിയുടെ സുരക്ഷയെ ബാധിക്കുമെങ്കിൽ അനുവദനീയമല്ല എന്ന് ഈസ്മെന്റ് നിയമം അനുശാസിക്കുന്നു.

സത്യത്തിൽ ആർക്കെങ്കിലും ഏതെങ്കിലും തുണ്ടുഭൂമിയിൽ പൂർണ്ണ അവകാശമുണ്ടോ! ഒരുപാട് നിയന്ത്രണങ്ങൾക്ക് വിധേയമായി മാത്രമേ സ്വന്തം പേരിലെ ഭൂമി പോലും ഉപയോഗിക്കാവൂ എന്നാണ് ഭൂമിയുടെ വിനിയോഗം സംബന്ധിച്ച എല്ലാ നിയമങ്ങളുടെയും അന്ത:സത്ത.

***സ്വന്തം ഭൂമിയിൽ പോലും പരിമിതമായ അവകാശമേ ഉള്ളെങ്കിൽ പിന്നെ അപരന്റെ അല്ലെങ്കിൽ പൊതുവായ ഭൂമിയിൽ ഇടങ്ങളിൽ നമ്മുടെ പെരുമാറ്റങ്ങൾ എങ്ങനെയായിരിക്കണം?***

**അബ്ദുള്ളക്കുട്ടി എടവണ്ണ**

**രാജസ്ഥാനിലെ അജ്മീർ ജില്ലയിലെ തിലോണിയയിലെ ബെയർഫൂട്ട് കോളേജിനെക്കുറിച്ചുള്ള വിവരണത്തിന്റെ അവസാനഭാഗം**

*''നമ്മുടെ പാവപ്പെട്ട ഗ്രാമീണർക്കു വേണ്ടത് ജീവകാരുണ്യ സഹായങ്ങളല്ല. അവസരങ്ങളാണ്. സ്വന്തം കഴിവുകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ''*

**- ബാബാ ആംതെ**

അവഗണിക്കപ്പെടുന്ന ദരിദ്ര ഗ്രാമീണരുടെ മറഞ്ഞുകിടക്കുന്ന കഴിവുകളെ പുറത്തേക്കു കൊണ്ടുവരികയാണ് ബെയർഫൂട്ട് കോളേജ് (B.F.C).

പത്തുമുപ്പതു കൊല്ലങ്ങൾക്കപ്പുറം ബങ്കർ റോയ് തുടങ്ങിവെച്ച സ്ഥാപനം ഇന്ന് ഗ്രാമീണർ സ്വയം പര്യാപ്തതയോടെ മുന്നോട്ടു കൊണ്ടുപോകുന്നു. ബങ്കർ റോയ് B.F.C ഗ്രാമീണരെ ഏൽപിച്ച് ഡൽഹിയിലേക്ക് പോയിട്ട് രണ്ടു വർഷം കഴിഞ്ഞു. വല്ലപ്പോഴുമെത്തുന്ന ഒരതിഥിയാണ് ഇന്നദ്ദേഹം.

B.F.C ബങ്കർ റോയ് ആരംഭിച്ചത് പഴയ ലെപ്രസി മിഷൻ സാനിറ്റോറിയത്തിന്റെ കെട്ടിടങ്ങളിലാണ്. തരിശുഭൂമിയിൽ കരിങ്കല്ലിൽ തീർത്ത 'ബേക്കർ' ശൈലിയിലുള്ള ആ കെട്ടിടങ്ങളിൽ B.F.Cയുടെ ഏതാനും ഭാഗങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. സോളാർ കുക്കർ ഇൻഡസ്ട്രിയും സോളാർ എഞ്ചിനീയറിംഗ് യൂണിറ്റ്, പഠനോപകരണ നിർമ്മാണ യൂണിറ്റ് തുടങ്ങിയവ ഇവിടെയാണ്.

കരിയിലകൾ വീണ് മനസ്സിലേക്ക് ഊഷരത പടർത്തുന്ന നിരന്ന ഭൂമിയിൽ കിടക്കുന്ന ആ കെട്ടിടത്തിനടുത്തേക്ക് രാംനിവാസിനോടൊപ്പം ഞങ്ങൾ ചെന്നത് നട്ടുച്ച നേരത്താണ്. ഞായറാഴ്ചയായതുകൊണ്ട് കുറേപ്പേർ അവധിയിലാണ്. ചെന്നുകേറുമ്പോൾ ഏതോ ആഫ്രിക്കൻ ഗ്രാമത്തിലേക്ക് ചെന്നപോലെ... പൊടിക്കാറ്റടിക്കുന്ന ആ ഭൂപ്രകൃതിയിൽ അലിഞ്ഞുചേർന്ന് കൂട്ടം കൂടി നിൽക്കുന്ന ഒരു ഡസനോളം വരുന്ന ആഫ്രിക്കൻ സ്ത്രീകൾ. രാംനിവാസ് അവരെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തന്നു.

സോളാർ എഞ്ചിനീയറിംഗ് പഠിക്കാനായി ആഫ്രിക്കൻ സർക്കാർ ഇന്ത്യയിലേക്കയച്ചതാണിവരെ. B.F.Cയുടെ സോളാർ സംരംഭങ്ങളെ കുറിച്ചറിഞ്ഞ ഒരു ഗാംബിയൻ വനിത തിലോണിയയിലെത്തിയിരുന്നു. അവർ സോളാർ വിദ്യകൾ പഠിച്ചെടുത്ത് ആഫ്രിക്കയിൽ ചെന്ന് സ്ത്രീ ശാക്തീകരണ ലക്ഷ്യത്തോടെ ഒരു യൂണിറ്റ് സ്ഥാപിച്ചു. വൻവിജയമായിരുന്നു അത്. ഇതേ തുടർന്ന് ആഫ്രിക്കൻ സർക്കാർ ഇന്ത്യാ ഗവൺമെന്റിന്റെ സഹകരണത്തോടെ സോളാർ എഞ്ചിനീയറിംഗ് പഠിക്കാനായി വനിതകളെ അയച്ചുതുടങ്ങി. B.F.Cയിൽ വന്ന് സോളാർ എഞ്ചിനീയറിംഗ് പഠിച്ച് ആഫ്രിക്കൻ ഗ്രാമങ്ങളിൽ പുതിയ സ്ത്രീ വിമോചന ഗാഥകൾ ഉയർത്തുകയാണ് ഈ വനിതകൾ.

ഗുമാൻ, നജ്മ, ശോഭന, ഗിർഭാരാം തുടങ്ങിയവരാണ് ഇവിടത്തെ സോളാർ എഞ്ചിനീയറിംഗ് പരിശീലകർ. രാംനിവാസിന്റെ സഹായത്തോടെ ഞങ്ങൾ അവരോട് സംസാരിച്ചു. എല്ലാവരും രണ്ടാം ക്ലാസിനപ്പുറത്തേക്ക് സ്കൂളിൽ പോകാത്തവർ. ഇവരിൽ ഒരാളൊഴികെ മറ്റുള്ളവർക്കൊന്നും ഹിന്ദി പോലും അറിയില്ല. രാജസ്ഥാനി



*രാജസ്ഥാൻ യാത്ര*

# നഗ്നപാദരിൽ നിന്ന് നമുക്ക് പഠിക്കാനുള്ളത്

*ബെയർഫൂട്ട് കോളേജ് സ്ഥാപകൻ ബങ്കർ റോയ്*

*കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും സോപ്പ് നിർമ്മാണത്തിലും ചൂടാറാപ്പെട്ടിയിലും എത്തിനിൽക്കുന്ന നമ്മുടെ സാമൂഹ്യ-ഗ്രാമീണ വിപ്ലവങ്ങൾക്ക് തീർച്ചയായും ഈ നഗ്നപാദരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്.*

ഭാഷ മാത്രം സംസാരിക്കുന്നവർ. അവരാണ് ആഫ്രിക്കൻ ഭാഷയായ മലാവി മാത്രം സംസാരിക്കുന്ന ഈ സ്ത്രീകളെ സോളാർ എഞ്ചിനീയറിംഗ് പഠിപ്പിക്കുന്നത്. രാംനിവാസ് പറഞ്ഞു. "സഹജീവനത്തിലൂടെയാണ് ഭാഷകൾക്കതീതമായ പഠനം നടക്കുന്നത്!"

B.F.C ടീമംഗങ്ങൾ 694 പേരാണ്. അതിൽ കുറച്ചുപേർ പാർട്ട്ടൈം പ്രവർത്തകരാണ്. പുതിയ കാമ്പസ്സിന്റെ കവാടത്തിനരികിൽ ഒരു ബോർഡ് വെച്ചിട്ടുണ്ട്. 'സന്ദർശകർക്ക് ആർക്കും C.F.Cയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സാമ്പത്തികമായ കണക്കുകളെ കുറിച്ചും പരിശോധിക്കാവുന്നതാണ്.' മറ്റൊരു ബോർഡിൽ എഴുതിവെച്ചിരിക്കുന്നു. 'C.F.Cയിലെ ഏറ്റവും കൂടിയ പ്രതിമാസ ശമ്പളം 5940 രൂപ. കുറഞ്ഞ ശമ്പളം 3958 രൂപ.'

എല്ലാ സാമ്പത്തിക ഇടപാടുകളും സുതാര്യമാണിവിടെ. ആർക്കും എപ്പോൾ വേണമെങ്കിലും പരിശോധിക്കാം. വർഷത്തിൽ ഗ്രാമത്തിൽ പൊതുജനങ്ങൾക്കു മുമ്പാകെ പ്രവർത്തന റിപ്പോർട്ടും ഭാവി പ്രവർത്തനങ്ങളും വരവ് ചിലവ് കണക്കും അവതരിപ്പിക്കും. നയരൂപീകരണങ്ങളിൽ ഗ്രാമീണരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. എല്ലാ അർത്ഥത്തിലും ഗ്രാമീണ സർവ്വകലാശാല തന്നെ B.F.C.

ഹൈടെക് സിറ്റിയിലിരുന്ന് രാജസ്ഥാൻ കുഗ്രാമത്തിലെ ഈ സർവ്വകലാശാലയെക്കുറിച്ച് ആലോചിച്ചാൽ ഒരുപക്ഷേ ഒന്നും തോന്നിയില്ലെന്നു വരാം. പള്ളിക്കൂടത്തിൽ പോയിട്ടില്ലാത്തവർ ഡോക്ടറും എഞ്ചിനീയറുമാകുന്ന അത്ഭുത കഥകൾ കേട്ട് എൻട്രൻസ് പനിപിടിച്ച് കഴിയുന്ന മലയാളികൾക്ക് എന്തു ഭാവമായിരിക്കും മുഖത്ത് വിടരുക?

ഒരുമിച്ച് ആഹാരമുണ്ടാക്കി ഒന്നിച്ച് ഉണ്ടും ഉറങ്ങിയും കഴിയുന്ന സഹജീവനം ജാതീയതയുടെ ഉച്ചനീചത്വങ്ങൾ ശക്തമായ ഉത്തരേന്ത്യൻ ഗ്രാമത്തിൽ വലിയൊരു വിപ്ലവം തന്നെയാണ്. സമത്വത്തിന്റെ ബാലപാഠങ്ങളിലൂടെയാണ് അതിജീവനത്തിനായുള്ള സ്വാശ്രയത്വത്തിന്റെ ശാക്തീകരണ പാഠങ്ങൾ B.F.C മുന്നോട്ടുവയ്ക്കുന്നത്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും സോപ്പ് നിർമ്മാണത്തിലും ചൂടാറാപ്പെട്ടിയിലും എത്തിനിൽക്കുന്ന നമ്മുടെ സാമൂഹ്യ-ഗ്രാമീണ വിപ്ലവങ്ങൾക്ക് തീർച്ചയായും ഈ നഗ്നപാദരിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനുണ്ട്. (അവസാനിച്ചു)

ബെയർഫൂട്ട് കോളേജിന്റെ വിലാസം:

*BAREFOOT COLLEGE, TILONIA, MADANGANJ (VIA), AJMEER DISTRICT, RAJASTHAN-305816, Tel: +91(0) 1463-288204, E-mail: barefootcollege@gmail.com, Website: www.barefootcollege.org*

***ക്യാമ്പയിൻ***

## ടെലിവിഷൻ അൽപനേരം നിർത്തിവെക്കൂ

**അൽപം സ്വാസ്ഥ്യം, ശാന്തത, നിശ്ശബ്ദത ഒന്നാസ്വദിക്കൂ...**

ടെലിവിഷന് വിഡ്ഢിപ്പെട്ടി എന്ന പേര് വന്നിട്ട് കുറേയധികം കാലമായി. ഇന്നതിന് വിഡ്ഢിപ്പെട്ടി എന്ന പേരല്ലാ ചേരുക, മറിച്ച് അപായപ്പെട്ടി എന്നോ, ശല്യപ്പെട്ടി എന്നൊക്കെയോ ആയിട്ടുണ്ട്. നമ്മുടെ വൈകുന്നേരങ്ങളിലെ ടെലിവിഷൻ മൂളിച്ചയ്ക്ക് അല്പം വിരാമം കൊടുക്കുക.

ടെലിവിഷൻ ഒഴിവാക്കുന്നവരുടെ എണ്ണം കൂടുകയാണ്. ടെലിവിഷൻ ഒഴിവാക്കി സന്തോഷം കൈവരിച്ചവരുടെ അനുഭവങ്ങൾ എഴുതി അറിയിക്കണേ.. *-ലിമാ ടീം*



**ഗതാഗതം**

*കേരളീയം ന്യൂസ്*

# ഗതാഗതവും സുസ്ഥിരതയും

**പി. കൃഷ്ണകുമാർ**

> പൊതു ഗതാഗത സംവിധാനങ്ങളും യന്ത്രരഹിത വാഹനങ്ങളും കാൽനടയും കൂടി ഒരു സാധാരണക്കാരന്റെ 50% യാത്രാ ആവശ്യങ്ങളും നിർവ്വഹിയ്ക്കുന്നതിന് പര്യാപ്തമാകുന്ന വിധത്തിലുള്ള ഗതാഗത സംവിധാനമാണ് കാലഘട്ടത്തിന്റെ ആവശ്യം.

സുസ്ഥിര വികസനം, ഊർജ്ജ ഉപഭോഗം, മലിനീകരണം ഇവ മൂന്നും വളരെ സങ്കീർണ്ണമായ വിധത്തിൽ പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നു. സുസ്ഥിരമായത് പൊതുവേ ഊർജ്ജ ഉപഭോഗവും മലിനീകരണവും കുറഞ്ഞതായിരിക്കുമെന്ന് പറയാം. ഇന്ന് സുസ്ഥിരതയ്ക്കുമന്നിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ് ഗതാഗതത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച. സാമ്പത്തിക വികസനത്തോടൊപ്പം കുറയുന്നതിന് പകരം കൂടുന്നുവെന്നതിനാൽ ഗതാഗത പ്രശ്നങ്ങൾ മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമാണ്.

കാലാവസ്ഥ മാറ്റത്തിന് കാരണമായ ആഗോളതാപനം വർദ്ധിപ്പിക്കുന്നതിനാൽ ഗതാഗത മേഖല വളരെ നിർണ്ണായകമായ പങ്ക് വഹിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഹരിത ഗൃഹവാതകങ്ങൾ പുറത്ത് വിടുന്നതിൽ ഈ മേഖല ഏറെ മുന്നിലാണ്. ഇത്തരമൊരവസ്ഥയിൽ സുസ്ഥിര വികസനമെന്ന ലക്ഷ്യത്തിലെത്തണമെങ്കിൽ ഗതാഗതത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പത്തിലും ദർശനത്തിലും അടിമുടി മാറ്റങ്ങൾ വരേണ്ടതുണ്ട്. ജനങ്ങളുടെ നിത്യയാത്ര സുസ്ഥിരമാക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നമ്മുടെ സഞ്ചാരശീലങ്ങളിൽ വിപ്ലവകരമായ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാക്കുന്നുണ്ട്. മോട്ടോർ വാഹനങ്ങൾക്ക് ഏറ്റവും സാധാരണയാത്രാ മാർഗ്ഗമെന്നനിലയിൽ ഇന്ന് നൽകുന്ന പ്രാമുഖ്യം പാരിസ്ഥിതികമായോ സാമൂഹികമായോ സ്ഥായിയായതല്ല. അവയുടെ ചെലവ് വിനാശകരമാണ്.

ഗതാഗതമെന്നത് ആവശ്യമുള്ള ഒരു ചെകുത്താനല്ല - ഒരുപാട് സൗകര്യങ്ങൾ നൽകുന്ന ഒരു അവശ്യസേവന മേഖലയാണ്. ജീവിതമേന്മ വർദ്ധിപ്പിക്കുന്നതും ഒഴിച്ചുകൂടാനാവാത്തതുമായ നിരവധി സേവനങ്ങളുടെ ലഭ്യത അത് വർദ്ധിപ്പിക്കുന്നു. ഇഷ്ടപ്പെട്ട പാർപ്പിടവും തൊഴിലും തെരഞ്ഞെടുക്കുവാൻ ജനങ്ങൾക്ക് സാധ്യത നൽകുന്നു. മിതമായ നിരക്കിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും വസ്തുക്കളും നേടുന്നതിന് ഇടയാക്കുന്നു. എന്നാൽ അവ ലഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളുടെ ചെലവുകളാകട്ടെ, മേൽപ്പറഞ്ഞ സൗകര്യങ്ങൾ മൂലമുണ്ടാകുന്ന ഗുണങ്ങളുടെ മൂല്യത്തേക്കാൾ കൂടുതലാകുന്നു. സ്വകാര്യ വാഹനങ്ങളുടെ പ്രാമുഖ്യത്തിൽ നമുക്ക് ലഭിക്കുന്ന ചലനാത്മകത ഒട്ടുംതന്നെ സുസ്ഥിരമല്ലെന്നതാണ് വർത്തമാനലോകം നേരിടുന്ന പ്രതിസന്ധി. ഇന്നത്തെ ദിശയിൽ അത് വികസിക്കുന്നത് പാരിസ്ഥിതികവും സാമൂഹികവുമായ ദുരന്തത്തിലേയ്ക്ക് മാത്രമേ നയിക്കുകയുള്ളൂ.

### ഊർജ്ജം

ആഗോളതലത്തിൽ ഊർജ്ജ ഉപഭോഗത്തിന്റെ കാര്യത്തിലും ഗതാഗത മേഖല ഗണ്യമായൊരു പങ്ക് വഹിക്കുന്നുണ്ട്. മനുഷ്യ ചരിത്രത്തിൽ ഇന്നുവരെയുള്ള ആകെ ഊർജ്ജ ഉപഭോഗത്തിന്റെ പകുതിയും വ്യാവസായിക വിപ്ലവത്തിനു ശേഷമുള്ള കഴിഞ്ഞ ഏതാനും ദശകങ്ങളിലാണുണ്ടായിരിക്കുന്നത്. ഇന്റർനാഷ്ണൽ എനർജി ഏജൻസി (ഐ.ഇ.എ)യുടെ കണക്കനുസരിച്ച് ലോക ജനസംഖ്യ പ്രതിവർഷം 5% എന്നതോതിൽ കൂടുമ്പോൾ മൊത്തം ഊർജ്ജ ഉല്പാദനവും അതോടൊപ്പം കാർബൺ ഡൈ ഓക്സൈഡ് വർദ്ധിക്കുന്നു.

ആഗോള തലത്തിൽ മൊത്തമായി കണക്കാക്കിയാൽ, ആകെ ഉൽപാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ ഏകദേശം 70% മാത്രമാണ് ഉപയോഗിക്കുന്നത്. ഏതാണ്ട് 30% പ്രസരണ, വിതരണം നഷ്ടമാകുന്നു. മേഖലാടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ, മൊത്തം ഊർജ്ജത്തിന്റെ 27.8% ഉല്പാദനം, ഖനനം, നിർമ്മാണം എന്നിവയുൾപ്പെട്ട വ്യവസായ മേഖലയും 27.3% ഗതാഗതമേഖലയും 36% ഗാർഹിക മേഖലയും ഇതര സേവന മേഖലയും കൂടി ബാക്കി 8.9% മറ്റാവശ്യങ്ങൾക്കുമായി ഉപയോഗപ്പെടുത്തുന്നു.

ഊർജ്ജത്തിന്റെ മേഖലയിൽ ഗതാഗതത്തിന്റെ പങ്ക് ഇതിൽ നിന്നും വ്യക്തമാണ്. എന്നാൽ നേരത്തെ പരാമർശിച്ച കാരണങ്ങളാൽ ഗതാഗതം മനുഷ്യന്റെ സാമൂഹിക ജീവിതത്തിന് അത്യന്താപേഷിതവുമാണ്. ഊർജ്ജ ഉപഭോഗവും തീരെ ഇല്ലാത്തതോ, അല്ലെങ്കിൽ വളരെ കുറഞ്ഞതോ ആയ ഗതാഗത രൂപങ്ങൾക്ക് പ്രാമുഖ്യം നൽകുക മാത്രമാണ് ഏകപോംവഴി. സൈക്കിൾ മുതലായ യന്ത്രരഹിത വാഹനങ്ങളും, കാൽനടയും, എണ്ണയ്ക്കു പകരം വൈദ്യുതി ഉപയോഗിക്കുന്ന വാഹനങ്ങളും നിലവിലുള്ള ബദൽ മാതൃകകളാണ്. ഇന്ധന ക്ഷമതയുടെ കാര്യത്തിൽ റെയിൽ അധിഷ്ഠിത ഗതാഗത രൂപങ്ങൾ റോഡ് ഗതാഗതത്തേക്കാൾ ഏറെ മുന്നിലാണ്. തീവണ്ടികൾ റോഡുകളിൽ ഓടുന്ന വാഹനങ്ങളേക്കാൾ ആറോ ഏഴോ മടങ്ങ് കൂടുതൽ ഇന്ധ ക്ഷമങ്ങളാണ്. ഊർജ്ജ സംരക്ഷണ കാഴ്ചപ്പാടിലൂടെ നോക്കിയാൽ, നിശ്ചിത റോഡിലൂടെ നിശ്ചിത അളവ് ഇന്ധനമുപയോഗിച്ച് പരമാവധിയാത്രക്കാരെ കൈകാര്യം ചെയ്യുന്നതിൽ പൊതുഗതാഗത സംവിധാനം ബഹുദൂരം മുന്നിലാണ്. സുസജ്ജമായ ഒരു പൊതുഗതാഗത സംവിധാനത്തേക്കാൾ 10 മടങ്ങ് അധികം ഊർജ്ജം സ്വകാര്യ, വ്യക്തിഗത മോട്ടോർ വാഹനങ്ങൾക്ക് വേണ്ടിവരുന്നതായി പഠനങ്ങൾ കാണിക്കുന്നു.

### മലിനീകരണം

മുകളിൽ സൂചിപ്പിച്ചതുപോലെ, കാലാവസ്ഥാ മാറ്റത്തിന് കാരണമാകുന്ന ആഗോളതാപനം വർദ്ധിപ്പിക്കുന്ന ഹരിത ഗൃഹവാതകങ്ങളുടെ ബഹിർമനത്തിൽ ഗതാഗതമേഖല കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. ആഗോള തലത്തിൽ ആകെ ഊർജ്ജത്തിന്റെ 27.3% ഉപയോഗിക്കുന്ന ഗതാഗത മേഖല ഏതാണ്ട് 25 % ഹരിതഗൃഹ വാതകങ്ങൾക്ക് കാരണമായി. ഓരോ ലിറ്റർ പെട്രോൾ കത്തുമ്പോഴും 3.36കി.ഗ്രാം കാർബൺ ഡൈ ഓക്സൈഡാണ് പുറത്തുവരുന്നത്. വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ റിപ്പോർട്ടനുസരിച്ച്, ഇന്ത്യയിലെ ഗതാഗത മേഖലയിൽ നിന്നുള്ള കാർബൺ ഡൈ ഓക്സൈഡ്, ആകെ ഊർജ്ജ മേഖലയിൽ നിന്നുള്ളതിന്റെ 12% ആയിരുന്നു. ഗതാഗത



മേഖലയിൽനിന്നുള്ള കാർബൺ ബഹിർഗമനമാണ്, എണ്ണ ഇന്ധനമായുപയോഗിക്കുന്ന മേഖലകളിൽ ഏറ്റവും ഉയർന്ന നിരക്കിൽ വർദ്ധിക്കുന്നത്. പ്രതിവർഷം ആറ് ശതമാനത്തിലധികമെന്ന തോതിൽ ഗതാഗത മേഖലയിൽ തന്നെ. ആകെ കാർബണിന്റെ 90 ശതമാനത്തിനും കാരണമാകുന്ന റോഡ് ഗതാഗതമാണ് മുഖ്യപ്രതി. ഇവിടെയും പൊതുഗതാഗത സംവിധാനം സ്വകാര്യ വാഹനങ്ങളേക്കാൾ മെച്ചമാണ്. നൂറുയാത്രക്കാർ ഒരു കി.മീ ദൂരം സഞ്ചരിക്കുമ്പോഴുണ്ടാകുന്ന ഹരിത ഗൃഹവാതകങ്ങളുടെ അളവ് പരിശോധിച്ചാൽ പൊതു ഗതാഗത സംവിധാനങ്ങളേക്കാൾ 10 മടങ്ങ് സ്വകാര്യ വാഹന ഉപയോഗം മൂലം ഉണ്ടാകുന്നതായി കാണാം. ഇവിടെയും റെയിൽ അധിഷ്ഠിത ഗതാഗതരൂപങ്ങൾ ഏറെ മെച്ചമാണ്. വിമാനങ്ങൾ മൂലമുണ്ടാകുന്നതിന്റെ നാലിലൊന്നും കാറുകൾ മൂലമുണ്ടാകുന്നതിന്റെ മൂന്നിലൊന്നും ഹരിത ഗൃഹവാതകങ്ങൾക്ക് മാത്രമേ തീവണ്ടികൾ കാരണമാകുന്നുള്ളു.

### ആരോഗ്യ പ്രശ്നങ്ങളും അപകടങ്ങളും

ഗതാഗതരംഗത്ത് പെരുകിവരുന്ന അപകടങ്ങളും മലിനീകരണവും ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ ഗുരുതരമായ മാനങ്ങൾ കൈവരിച്ചു കഴിഞ്ഞു.1981 മുതൽ 2001 വരെയുള്ള 20 വർഷക്കാലയളവിൽ, ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിലെ ജനസംഖ്യ 1.9 മടങ്ങ് വർദ്ധിച്ചപ്പോൾ, മോട്ടോർ വാഹനങ്ങളുടെ എണ്ണം 7.75 മടങ്ങായാണ് കൂടിയത്. റോഡപകടങ്ങളുടെ എണ്ണം 1.6 ലക്ഷത്തിൽനിന്നും 3.9 ലക്ഷമായി ഉയർന്നുവെന്നത് നിരത്തുകൾ കൂടുതൽ അരക്ഷിതമാവുന്നതിന്റെ സൂചനയാണ്. ഈ അപകടങ്ങളിൽ പെട്ട് മരണമടഞ്ഞവരുടെ എണ്ണം ഇതേ കാലയളവിൽ 28,400ൽനിന്നും 80,000 ആയി കൂടിയെന്നതും 2009ലെ കണക്കുകളനുസരിച്ച് റോഡപകടങ്ങളിൽപെട്ട് സ്ഥിരമായ വൈകല്യം ബാധിച്ചവരുടെ എണ്ണം 1,18,000 ആണെന്നതും പ്രശ്നത്തിൽ രൂക്ഷത വ്യക്തമാക്കുന്നു. റോഡപകടങ്ങളിൽ പെട്ട് മരണമടയുന്നതും സ്ഥിരമായ വൈകല്യങ്ങൾക്ക് പാതി ദുദരാകുന്നതും അധികവും കാൽനടക്കാരോ, സൈക്കിൾ സവാരിക്കാരോ, വഴിയോര വാണിഭക്കാരോ ആണെന്നതിനാൽ ഈ പ്രശ്നം സാധാരണക്കാരെയാണ് കൂടുതലായും ബാധിയ്ക്കുന്നത്.

വിഷവാതകങ്ങളുടെ ബഹിർഗമനത്തിന് പുറമേ, നിരത്തുകളിലെ വാഹനങ്ങൾ മൂലമുണ്ടാകുന്ന പൊടിപടലങ്ങളും ആരോഗ്യപ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. വായുവിലെ പൊടിപടലങ്ങളുടെ സാന്ദ്രത നഗരങ്ങളിൽ ലോക ആരോഗ്യ സംഘടന നിർദ്ദേശിക്കുന്ന സുരക്ഷിത അളവിലും വളരെ കൂടുതലാണ്. അതുകൊണ്ടു തന്നെ, നഗരങ്ങളിൽ താമസിക്കുന്ന ഇന്ത്യക്കാർ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ, ഹൃദ്രോഗങ്ങൾ, ശ്വാസകോശാർബുദം തുടങ്ങിയവക്ക് എളുപ്പത്തിൽ വശംവദരരാകുന്ന നിലയിലാണ്.



*ഒരു പഴയ കൽക്കട്ടാ തെരുവ്*

*ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കയിലും യൂറോപ്പിലും സംഭവിച്ചതിനേക്കാൾ പതിന്മടങ്ങ് വേഗത്തിലാണ് ഇന്ത്യയിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നത്. നഗരങ്ങളിൽ രൂക്ഷമായ ഗതാഗത കുരുക്കുകളും പരിസ്ഥിതിക നാശവും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുമാണ് പരിണിത ഫലം.*

പൊടിപടലങ്ങളുടെ സൂചകമായ PM10 ന്റെ അളവ് ലോക ആരോഗ്യ സംഘടനയുടെ നിർദ്ദേശമനുസരിച്ച് ഓരോ ഘനമീറ്ററിലും 20 മൈക്രോ ഗ്രാം വരെയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ, ഇന്ത്യയിലെ 27 നഗരങ്ങളിൽ ഇത് ഘനമീറ്ററിന് 80 മുതൽ 251 മൈക്രോ ഗ്രാം വരെയാണ്. താരതമ്യേന ഭേദപ്പെട്ട അമൃത്സർ, കൊച്ചി മുതലായ നഗരങ്ങളിൽ പോലും ഇത് അനുവദനീയമായതിന്റെ ഇരട്ടിയിലധികമാണ്.

### നമ്മുടെ ആശങ്കകൾ

ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കയിലും യൂറോപ്പിലും സംഭവിച്ചതിനേക്കാൾ പതിന്മടങ്ങ് വേഗത്തിലാണ് ഇന്ത്യയിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നത്. നഗരങ്ങളിൽ രൂക്ഷമായ ഗതാഗത കുരുക്കുകളും പരിസ്ഥിതിക നാശവും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുമാണ് പരിണിത ഫലം.

ഭാരവാഹനങ്ങൾ ഒഴികെയുള്ള മറ്റ് വാഹനങ്ങളുടെ എണ്ണമെടുത്താൽ ഇന്ത്യയിൽ ബസ്സുകളുടെ പങ്ക് 1950-51ൽ 15.18% ആയിരുന്നത് 2003 - 04 ആയപ്പോൾ കേവലം 1.1% ആയികുറഞ്ഞു. സ്വകാര്യ വാഹനങ്ങൾ അതേ കാലയളവിൽ 62% ൽ നിന്നും 93.78% ആയി വർദ്ധിച്ചു. ഇരുചക്രവാഹനങ്ങളുടെ എണ്ണത്തിലാണ് വലിയ കുതിച്ചു ചാട്ടമുണ്ടായിരിക്കുന്നത്. അനിയന്ത്രിതമായ വളർച്ചയ്ക്ക് കടിഞ്ഞാണിട്ടില്ലെങ്കിൽ അവയുടെ എണ്ണം 2005ലെ 8.58 കോടിയിൽനിന്നും 2035 ആകുമ്പോഴേയ്ക്കും 23-കോടിയായി ഉയർന്നേക്കും. 1980ൽ കേവലം 2 ലക്ഷമായിരുന്ന കേരളത്തിലെ മോട്ടോർ വാഹനങ്ങളിൽ കേവലം 4% മാത്രമാണ് ബസ്സുകൾ - 63% ഇരുചക്രവാഹനങ്ങളും 20% നാലുചക്രവാഹനങ്ങളുമാണ്. ഓരോവർഷവും ഏകദേശം 5 ലക്ഷത്തിലധികവും വാഹനങ്ങളാണ് കേരളത്തിൽ പുതിയതായി നിരത്തിലിറങ്ങുന്നത്. ആകെ വാഹനങ്ങളിൽ ഭൂരിഭാഗവും രൂക്ഷമായ ഗതാഗത കുരുക്കുകളും മലിനീകരണവും ഉണ്ടാക്കിക്കൊണ്ട് നഗരപ്രദേശങ്ങളിലാണ് ഓടുന്നത്. കാലാവസ്ഥ വ്യതിയാന കാലത്തെ ഗതാഗത രൂപങ്ങളിൽ പൊതുഗതാഗതത്തിനും യന്ത്രരഹിത വാഹനങ്ങൾക്കും പ്രാമുഖ്യം കൈവരികയാണ്. എണ്ണ ഇന്ധനമായുപയോഗിക്കുന്ന മോട്ടോർ വാഹനങ്ങളുടെ (പ്രത്യേകിച്ചും സ്വകാര്യ വാഹനങ്ങളുടെ) കാലം കഴിയുകയാണ്. നിലവിലുള്ളതിൽ ഏറ്റവും മേന്മയേറിയ ഗതാഗത രൂപമെന്ന നിലയിൽ റെയിൽ അധിഷ്ഠിത വാഹനങ്ങൾ മറ്റുള്ളവയേക്കാൾ ബഹുദൂരം മുന്നിലാണ്. റെയിൽ അധിഷ്ഠിത ഗതാഗത രൂപങ്ങൾക്ക് (സമ്പ്രദായിക തീവണ്ടികൾ, സബർബൽ വണ്ടികൾ, മെട്രോ, മോണോറെയിൽ, പേഴ്സണൽ റാപിഡ് ട്രാൻസ്പോർട്ട്) പ്രാമുഖ്യമുള്ള പൊതു ഗതാഗത സംവിധാനങ്ങളും യന്ത്രരഹിത വാഹനങ്ങളും കാൽനടയും കൂടി ഒരു സാധാരണക്കാരന്റെ 50% യാത്രാ ആവശ്യങ്ങളും നിർവ്വഹിയ്ക്കുന്നതിന് പര്യാപ്തമാകുന്ന വിധത്തിലുള്ള ഗതാഗത സംവിധാനമാണ് കാലഘട്ടത്തിന്റെ ആവശ്യം.

*റോഡിൽ വാഹനങ്ങളും കുതിരകളും ചീറിപ്പായുന്നു. കച്ചവടക്കാരും, സ്ത്രീകളും, ഉദ്യോഗസ്ഥരുമെല്ലാം റോഡിലൂടെ പാവപ്പെട്ടവർക്കൊപ്പം നടന്നുനീങ്ങി. ഫയദോറിന് അപ്പോൾ അവരോട് അസൂയ തോന്നിയില്ല. തന്റെ വിധിയോർത്ത് സങ്കടപ്പെടുകയും ചെയ്തില്ല. ധനികരും ദരിദ്രരും ഒരുപോലെ നിർഭാഗ്യവാൻമാരാണെന്ന് അയാൾക്ക് തോന്നി. ചിലർക്ക് വാഹനത്തിൽ സഞ്ചരിക്കാനാവുന്നു. ചിലർക്കാവട്ടെ ഉച്ചത്തിൽ പാടാനും ഫിഡിൽ വായിക്കാനും കഴിയുന്നു.*



# ചെരുപ്പ് കുത്തിയും ചെകുത്താനും

## ആന്റൺ ചെഖോവ്

### വിവ- അവിരാ ജോൺസ്

ക്രിസ്തുമസിന്റെ തലേദിവസമായിരുന്നു അത്. നെരിപ്പോടിനടുത്ത് മരിയ കൂർക്കം വലിക്കുന്നു. ഫയദോർ നിലോവ് അപ്പോഴും പണി ചെയ്തുകൊണ്ടിരുന്നു. പണി നിർത്തി റോഡിലേക്കിറങ്ങാനാണ് അയാൾക്ക് തോന്നിയത്. എന്നാൽ കോലോ കൊൽനി തെരുവിലെ ഇടപാടുകാരന്റെ കാര്യം ഓർത്തപ്പോൾ അയാൾ ഒന്നടങ്ങി. രണ്ടാഴ്ച മുമ്പേ ഓർഡർ നൽകിയ ബൂട്ടുകളാണ്. ഇതുവരെ പണി തീർന്നില്ല. ഇന്ന് രാവിലെ കുർബാനയ്ക്കുമുമ്പേ കിട്ടണമെന്ന് ചട്ടം കെട്ടിയിട്ടുണ്ട്. "ഇത് ഒരു തടവുപുള്ളിയുടെ ജീവിതം തന്നെ". ഫയദോർ പിറുപിറുത്തു. തന്റെ ഇടപാടുകാരൊക്കെ സുഖമായി ഉറങ്ങുമ്പോൾ താൻ മാത്രം കുത്തിയിരുന്ന് അവർക്ക് വേണ്ടി ചെരുപ്പ് ഉണ്ടാക്കുന്നു.

തന്റെ ഇടപാടുകാരെ മുഴുവൻ അയാൾ വെറുത്തു. പ്രത്യേകിച്ച് കൊലോകൊൽനി തെരുവിൽ താമസിക്കുന്ന ഒരാളെ. ബൂട്ടിനുള്ള അളവെടുക്കാൻ രണ്ടാഴ്ചമുമ്പ് ചെല്ലുമ്പോൾ അയാൾ മുറിയിൽ നിലത്തിരുന്ന് ഉരലിൽ എന്തോ ഇട്ട് ഇടിക്കുകയായിരുന്നു. പെട്ടെന്ന് ഉരലിൽ ഉണ്ടായിരുന്ന വസ്തുവിന് തീപിടിച്ചു. മുറി മുഴുവൻ പുക പടർന്നു. ഫയദോർ വല്ലാതെ ചുമച്ചുപോയി. ഇനി ബൂട്ടുകൾ അയാൾക്കെത്തിക്കണം. ബൂട്ടുകൾ തുണിയിൽ പൊതിഞ്ഞ് അയാൾ റോഡിലേക്കിറങ്ങി. റോഡിലൂടെ പണക്കാർ അവരുടെ വാഹനങ്ങളിൽ പായുകയാണ്. വാഹനങ്ങളിലിരുന്ന യുവതികൾ ഫയദോറിനെ നോക്കി പരിഹസിച്ചു. "തെണ്ടി, പിച്ചക്കാരൻ". അയാളെ കടന്നുപോയ പ്രമാണിമാരും വിളിച്ചുപറഞ്ഞു. "ദാ, കുടിയൻ ചെരുപ്പുകുത്തി". എല്ലാവരും അയാളെ അധിക്ഷേപിക്കുകയായിരുന്നു. ദേഷ്യത്തോടെ ആഞ്ഞുതുപ്പുക മാത്രം ചെയ്തു ഫയദോർ. വഴിയിൽ പേരുകേട്ട ഒരു ബൂട്ടുപണിക്കാരൻ ലെബ്യോസ്കിനെ കണ്ടുമുട്ടി. താൻ ഒരു ധനികയെ വിവാഹം കഴിച്ചെന്നും ഇപ്പോൾ തനിക്ക് കീഴിൽ ധാരാളം പണിക്കാർ ഉണ്ടെന്നും അയാൾ പറഞ്ഞു. നീ ഇപ്പോഴും ഒന്നും തിന്നാനില്ലാത്ത തെണ്ടിയായി കഴിയുകയാണോ എന്നും അയാൾ ചോദിച്ചു.

ഫയദോർ ബൂട്ടുകൾ ഓർഡർ ചെയ്തയാളിന്റെ വീട്ടിൽ എത്തി. വീണ്ടും പഴയ കാഴ്ച കണ്ടു. ഇടപാടുകാരൻ നിലത്തിരുന്ന് എന്തോ ഉരലിൽ ഇടിക്കുന്നു. "താങ്കളുടെ ബൂട്ടുകൾ കൊണ്ടുവന്നിട്ടുണ്ട്". ഫയദോർ പറഞ്ഞു.

അയാൾ എഴുന്നേറ്റ് ബൂട്ടുകൾ പരിശോധിച്ചു. പഴയ ബൂട്ടുകൾ ഊരി പുതിയത് ധരിപ്പിക്കുന്നതിനിടയിലാണ് ഫയദോർ ആ കാഴ്ച കണ്ടത്. ഭയത്തോടെ ഫയദോർ എഴുന്നേറ്റ് ഓടി. ബൂട്ട് ഓർഡർ ചെയ്തയാളിന് പാദങ്ങൾ ഉണ്ടായിരുന്നില്ല. മറിച്ച് ആ സ്ഥാനത്ത് കുതിരയുടേതുപോലെ ഒരു കുളമ്പ്! എങ്ങനെയും ഓടി രക്ഷപ്പെടുക തന്നെ. എന്നാൽ ഉടൻ തന്നെ ഫയദോറിന് മറ്റൊരു ചിന്ത ഉണ്ടായി. ആദ്യമായി ഒരു ചെകുത്താനെ കണ്ടുമുട്ടിയിരിക്കുകയാണ്. എന്തുകൊണ്ട് ചെകുത്താന്റെ സേവനം പ്രയോജനപ്പെടുത്തിക്കൂടാ? ഫയദോർ ചെകുത്താനെ പുകഴ്ത്തി സംസാരിക്കാൻ തുടങ്ങി. മുഖസ്തുതിയിൽ വീണുപോയ ചെകുത്താൻ പറഞ്ഞു. "നിന്നെ എനിക്ക് ഇഷ്ടമായി. നിനക്കെന്തെങ്കിലും സഹായം വേണമെങ്കിൽ പറഞ്ഞോളൂ.."

ഫയദോർ തന്റെ വിധിയെ പഴിക്കാൻ തുടങ്ങി. കുട്ടിക്കാലം മുതൽക്കേ അയാൾക്ക് ധനികരോട് അസൂയ തോന്നിയിരുന്നു. ധനികരെപ്പോലെ വലിയ വീടുകൾ ഇല്ലാത്തതിലും നല്ല കുതിരകളിൽ സവാരി ചെയ്യാൻ കഴിയാത്തതിലും അയാൾ എപ്പോഴും അമർഷം കൊണ്ടിരുന്നു. പണക്കാരുടെ അതേ മാതിരി മൂക്കും കൈകളും കാലുകളും തലയും മുതുകുമല്ലേ തനിക്കുള്ളത്. എന്നാൽ അവരെല്ലാം സുഖിച്ചുകഴിയുമ്പോൾ താൻ മാത്രം ഇങ്ങനെ ചെരുപ്പുകുത്തിയായി കഴിയുന്നു. സുഗന്ധം മണക്കുന്ന ഒരു പെണ്ണിന് പകരം തനിക്ക് കിട്ടിയതോ വിയർപ്പ് നാറുന്ന മരിയയെ. തന്റെ പരാതികളുടെ ഭാണ്ഡം തുറന്നിട്ടു ഫയദോർ..

"എന്താണ് നിങ്ങൾക്ക് വേണ്ടതെന്ന് പറയൂ.." ഇടപാടുകാരൻ ഇടയ്ക്കുകയറി പറഞ്ഞു.

"എന്നെ ഒരു ധനികനാക്കിയാൽ മതി"

"തീർച്ചയായും. പക്ഷേ നീ നിന്റെ ആത്മാവിനെ എനിക്ക് വേണ്ടി ഉപേക്ഷിക്കണം"

"ഓ, സമ്മതം"

പെട്ടെന്ന് അവിടമാകെ വലിയ പുകപടലം നിറഞ്ഞു. പെട്ടെന്ന് അവിടമാകെ വലിയ പുകപടലം നിറഞ്ഞു. പുക ശമിച്ചപ്പോൾ ഫയദോർ കണ്ണുതിരുമ്മി നോക്കി. അവിശ്വസനീയം! പഴയ

ചെരുപ്പുകുത്തിയല്ല താനിപ്പോൾ. തികച്ചും പുതിയ ഒരാൾ. വിലപിടിച്ച വേസ്റ്റ് കോട്ടും വാച്ച് ചെയിനും. പുതിയ ജോഡി മുന്തിയ ചെരുപ്പുകൾ. രാജകീയമായ ഇരിപ്പിടത്തിലാണ് ഇരിപ്പ്. രണ്ട് ഭൃത്യൻമാർ ഭക്ഷണം വിളമ്പുന്നുണ്ട്. തികഞ്ഞ ആദരവോടെ തലകുനിച്ച് അവർ പറഞ്ഞു.

"അങ്ങയുടെ ആരോഗ്യത്തിനായി ഭക്ഷിച്ചാലും പ്രഭോ.."

സമൃദ്ധമായിരുന്നു ഭക്ഷണം. ചുട്ടെടുത്ത ആട്ടിറച്ചി, വറവുചട്ടിയോടെ പൊരിച്ച താറാവ്, പുഴുങ്ങിയ പന്നിയിറച്ചി, മുള്ളങ്കിക്കിഴങ്ങിന്റെ സൂപ്പ്, ഇടയ്ക്ക് മുന്തിയ തരം വോഡ്ക മദ്യം, പ്രഭുക്കൻമാരുടേതുപോലുള്ള ഭക്ഷണം, താറാവിന്റെ കൊഴുപ്പ് ചേർത്ത ധാന്യപ്പുഴുക്കും, പന്നിക്കൊഴുപ്പിൽ മൊരിച്ച ഓംലറ്റും, വറുത്തെടുത്ത കരൾ, ഉള്ളി ചേർത്ത കടല, ആവിയിൽ പുഴുങ്ങിയ മധുരക്കിഴങ്ങ്, എല്ലാത്തിനും പുറമെ മേൽത്തരം വീഞ്ഞ്.

ഇത്രയൊക്കെ കഴിച്ചിട്ടും ഈ ധനികരുടെ വയറെന്താ പൊട്ടിപ്പോവാത്തത്? അയാൾ അത്ഭുതപ്പെട്ടു.

ഭക്ഷണത്തിനുശേഷം ചെകുത്താൻ വന്ന് വണങ്ങി ചോദിച്ചു, "ഭക്ഷണം തൃപ്തികരമായോ പ്രഭോ..?"

പക്ഷേ ഫയദോറിന് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. മൂക്കറ്റമുള്ള തീറ്റ അയാളെ തളർത്തിയിരുന്നു. അയാൾ വല്ലാതെ അസ്വസ്ഥനായി. മറ്റെന്തെങ്കിലും ഓർത്ത് ശ്രദ്ധ മാറ്റാൻ തന്റെ ഇടതുകാലിലെ ബൂട്ട് അയാൾ നോക്കി. "വളരെ താഴ്ന്ന നിലവാരമുള്ളതാണല്ലോ, ഇത് ആരാണ് ഉണ്ടാക്കിയത്? അയാളെ പിടിച്ചുകൊണ്ടുവരൂ" അയാൾ കൽപ്പിച്ചു. ഭൃത്യൻമാർ ഉടൻ ബൂട്ടുണ്ടാക്കിയ ചെരുപ്പുകുത്തിയ ഹാജരാക്കി. ലെബ്യോസ്കിൻ.

"മൂഢാ, ബൂട്ടുകൾ ഉണ്ടാക്കാൻ നിനക്കറിയില്ല. നിന്റെ വൃത്തികെട്ട മോന്ത അടിച്ചുടച്ച് ഞാൻ സൂപ്പാക്കും" ഫയദോർ ആക്രോശിച്ചു.

പക്ഷേ, ഉടൻ തന്നെ അയാൾക്ക് തന്റെ ജീവിതത്തെ കുറിച്ച് ഓർമ്മ വന്നു. ഹൃദയഭാരത്താൽ പഴയത് മറക്കാൻ ശ്രമിച്ചു.

വൈകുന്നേരമായപ്പോൾ ചുവന്ന നിറത്തിലുള്ള വസ്ത്രം ധരിച്ച അതീവ സുന്ദരിയായ ഒരു യുവതിയെ ചെകുത്താൻ കൊണ്ടുവന്നു.

"ഇതാണ് നിങ്ങളുടെ പുതിയ ഭാര്യ"

അന്ന് രാത്രി അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നുരുണ്ടു. അയാൾ ഭാര്യയോട് പറഞ്ഞു. "നമുക്ക് ധാരാളം പണമുണ്ട്. വളരെ കരുതലോടെ ഇരിക്കണം. അല്ലെങ്കിൽ കള്ളൻമാർ അതിക്രമിച്ചു കയറി എല്ലാം എടുത്തുകൊണ്ടുപോവും. നീ മെഴുകുതിരി കത്തിച്ച് ഒന്ന് നോക്കിയിട്ട് വാ.."

രാത്രി അയാൾ ഉറങ്ങിയില്ല. ഇടയ്ക്കിടെ എഴുന്നേറ്റ് പണപ്പെട്ടി ഭദ്രമാണോ എന്ന് പരിശോധിച്ചുകൊണ്ടിരുന്നു.

പിറ്റേന്ന് അതിരാവിലെ തന്നെ അയാൾക്ക് പള്ളിയിൽ കുർബാനയ്ക്കു പോകണമായിരുന്നു. പള്ളിയിൽ ധനികർക്കും ദരിദ്രർക്കും ഒരേ ബഹുമതിയാണ് ലഭിക്കുക. ദരിദ്രനായിരുന്നപ്പോൾ പ്രാർത്ഥിച്ചിരുന്നത് ദൈവമെ, ഈ പാപിയോട് ക്ഷമിക്കണെ എന്നായിരുന്നു. ധനികനായപ്പോഴും അതുതന്നെ പ്രാർത്ഥിച്ചു. മരണശേഷം സ്വർണ്ണം മൂടിയല്ലല്ലോ അടക്കുക. പരമദരിദ്രനായ ഒരാളെ അടക്കുന്ന അതേ ചുവന്ന മണ്ണിൽ തന്നെയാവും ധനികനെയും അടക്കുക. ചെരുപ്പുകുത്തികൾ ദഹിക്കുന്ന അതേ തീ തന്നെയാവും തന്നെയും കാത്തിരിക്കുക. ഫയദോറിന് വല്ലാത്ത വെറുപ്പ് തോന്നി. മൂക്കുമുട്ടെ തിന്നതിന്റെ അസ്വസ്ഥതയും അയാൾക്കുണ്ട്. സ്വസ്ഥമായി പ്രാർത്ഥിക്കുകയും ഉറങ്ങുകയും ചെയ്യുന്നതിനു പകരം തന്റെ പണപ്പെട്ടിയെക്കുറിച്ചും കൈമാറ്റം ചെയ്തുപോയ തന്റെ പഴയ ആത്മാവിനെക്കുറിച്ചുമാണ് അയാൾ ചിന്തിച്ചുകൊണ്ടിരുന്നത്. പള്ളിയിൽ നിന്ന് അലട്ടുന്ന ചിന്തകളുമായാണ് അയാൾ പുറത്തിറങ്ങിയത്. ചിന്തകളെ ആട്ടിയോടിക്കാൻ വലിയ ഒച്ചയിൽ ഒരു പാട്ടുപാടാൻ തുടങ്ങി. അപ്പോഴേക്കും ഒരു പോലീസുകാരൻ ഓടിവന്ന് അയാളെ വിലക്കി അയാളോട് പറഞ്ഞു.

"പ്രഭോ, മാന്യൻമാർ തെരുവിൽ ഇങ്ങനെ പാട്ട് പാടി നടക്കാറില്ല! താങ്കൾ ഒരു ചെരുപ്പുകുത്തിയല്ല"

ഒരു മതിലിൽ ചാരിനിന്ന് ഫയദോർ ചിന്താധീനനായി. സന്തോഷിക്കാൻ എന്താണ് ഒരു വഴി? വഴിപോക്കൻ പെട്ടെന്ന് വന്നുപറഞ്ഞു. "പ്രഭോ, മതിലിൽ ചാരി നിൽക്കാതെ. താങ്കളുടെ രോമക്കുപ്പായം കേടാവും". തുടർന്ന് സംഗീത ഉപകരണങ്ങൾ വിൽക്കുന്ന ഒരു കടയിലാണ് അയാൾ കയറിയത്. വിലപിടിപ്പുള്ള ഫിഡിൽ വാങ്ങി തെരുവിലൂടെ പാട്ടുപാടി നടക്കാനാരംഭിച്ചു. നടന്നുപോകുന്നവർ അയാളെ നോക്കി പരിഹസിച്ചു. "കണ്ടാൽ മാന്യനെ പോലുണ്ട്. പക്ഷേ പ്രവർത്തി ഒരു ചെരുപ്പുകുത്തിയുടേതുപോലെ." ഒടുവിൽ പോലീസുകാർ വന്നുപറഞ്ഞു. "നിങ്ങൾ ഒരു മാന്യനെ പോലെ പെരുമാറൂ".

"പ്രഭോ, വല്ലതും ഭിക്ഷ താ" ഭിക്ഷക്കാർ ഫയദോറിനെ വളഞ്ഞു. ചെരുപ്പുകുത്തിയായിരുന്നപ്പോൾ യാചകർ തന്നെ ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോളതാ നടക്കാൻ തന്നെ അവർ സമ്മതിക്കുന്നില്ല.

വീട്ടിൽ നന്നായി വസ്ത്രം ധരിച്ച പുതിയ ഭാര്യ അയാളെ കാത്തിരുന്നു. അവളോട് ഉപചാരം കാണിക്കാൻ അയാൾ കൈകൾ ഉയർത്തി പുറത്തുതട്ടാൻ ഭാവിച്ചപ്പോഴേക്കും അവൾ ദേഷ്യപ്പെട്ടു പറഞ്ഞു.

"കുടിയൻ, പ്രാകൃതൻ കടന്നുപോ ഇങ്ങനെയാണോ പെരുമാറുന്നത്".

ഫയദോർ ചിന്തിച്ചു. എന്തൊരു പാഴ്ജന്മമാണിത്. എന്റെ ജീവിതം മറ്റുള്ളവരാണ് തീരുമാനിക്കുന്നത്. പാട്ട് പാടരുത്, ഫിഡിൽ വായിക്കരുത്, സ്വന്തം ഭാര്യയോട് ഒരു നേരംപോക്കു പോലും പറയാൻ പാടില്ലത്രേ!

പെട്ടെന്ന് എല്ലാം അപ്രത്യക്ഷമായി. കണ്ണു തുറന്നപ്പോൾ ഫയദോർ തന്റെ മേശകളും ഉപകരണങ്ങളും ബൂട്ടുകളും എല്ലാം പഴയ പടി കണ്ടു. "രണ്ടാഴ്ച മുമ്പ് ഓർഡർ ചെയ്തത് ഇതുവരെയും കിട്ടിയില്ല. കഴുത!" ഇടപാടുകാരൻ ശാപവാക്കുകൾ ഉരുവിടുകയാണ്. ഫയദോർ തന്റെ ജോലി തുടർന്നു. ബൂട്ട് ഇടപാടുകാരന് നൽകി അയാൾ പള്ളിയിലേക്ക് പ്രഭാരാധനയ്ക്കുവേണ്ടി പോയി. റോഡിൽ വാഹനങ്ങളും കുതിരകളും ചീറിപ്പായുന്നു. കച്ചവടക്കാരും, സ്ത്രീകളും, ഉദ്യോഗസ്ഥരുമെല്ലാം റോഡിലൂടെ പാവപ്പെട്ടവർക്കൊപ്പം നടന്നുനീങ്ങി. ഫയദോറിന് അപ്പോൾ അവരോട് അസൂയ തോന്നിയില്ല. തന്റെ വിധിയോർത്ത് സങ്കടപ്പെടുകയും ചെയ്തില്ല. ധനികരും ദരിദ്രരും ഒരുപോലെ നിർഭാഗ്യവാൻമാരാണെന്ന് അയാൾക്ക് തോന്നി. ചിലർക്ക് വാഹനത്തിൽ സഞ്ചരിക്കാനാവുന്നു. ചിലർക്കാവട്ടെ ഉച്ചത്തിൽ പാടാനും ഫിഡിൽ വായിക്കാനും കഴിയുന്നു.

എല്ലാവരെയും കാത്തിരിക്കുന്നത് ഒരേ കുഴിമാടം തന്നെയാണ്. മാത്രമല്ല ചെകുത്താന് നൽകാൻ ജീവിതത്തിൽ ഒന്നും തന്നെയില്ല, ഒരുവന്റെ ആത്മാവിന്റെ ചെറുതുണ്ട് പോലും.



*ഓർമ്മ*

# ശിവപ്രസാദ് മാഷ്


നക്സൽ പ്രസ്ഥാനത്തിൽ നിന്നാണ് ശിവപ്രസാദ് മാഷ് പരിസ്ഥിതി പ്രവർത്തനത്തിലേക്ക് എത്തിപ്പെടുന്നത്. കേരളത്തിലുടനീളം ഓടിനടന്ന് ജനങ്ങളിലേക്ക് പ്രത്യേകിച്ച് പുതുതലമുറയ്ക്ക് പ്രകൃതിയുടെ പാഠങ്ങൾ പകർന്നു നൽകി. വെറുംപറച്ചിലിനപ്പുറം തന്റെ ജീവിതവും അദ്ദേഹം സന്ദേശമാക്കി. കണ്ണൂർ മൊട്ടമ്മലിലെ ഇദ്ദേഹത്തിന്റെ പുരയിടം തന്നെ ഒരു കൊച്ചു വനത്തിന്റെ ആവിഷ്കാരമായിരുന്നു. നിരന്തരമുള്ള എല്ലാ യാത്രകളും പൊതുവാഹനങ്ങളിൽ മാത്രം. ജൈവകൃഷി പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും മാത്രമല്ല അത് സ്വന്തമായി അഭ്യസിക്കുകയും ചെയ്യുന്നു. കത്തെഴുത്തിന്റെ ഒരു പ്രചാരകനായിരുന്നു. മുഖത്തോടു മുഖമുള്ള ആശയവിനിമയമായിരുന്നു അദ്ദേഹത്തിന്റെ മാധ്യമം. മിക്കവാറുമെല്ലാ കലാലയങ്ങളിലും അദ്ദേഹം കുട്ടികളുമായി സംവദിച്ചു. കുട്ടികളിലായിരുന്നു അദ്ദേഹത്തിന് പ്രതീക്ഷ. 'കുട്ടികളുടേത് ശീലങ്ങളാണ്. അത് മാറ്റിയെടുക്കാം. എന്നാൽ മുതിർന്നവരുടേത് സ്വഭാവമാണ്. അത് പെട്ടെന്ന് മാറ്റാനാവില്ല.' എന്നദ്ദേഹം പറയുമായിരുന്നു. ഒരുകാലത്ത് സംഘടിത പ്രസ്ഥാനങ്ങളുടെ ഭാഗമായി നടന്ന് പിന്നീട് ഒരേ ജീവൻ, ഒരേ ഭൂമി, ജൈവ കർഷകസമിതി തുടങ്ങിയ ചെറിയ ഗ്രൂപ്പുകളുടെ ഭാഗമായി ചിന്തയിലും പ്രവൃത്തിയിലും തികഞ്ഞ സ്വാതന്ത്ര്യം അനുഭവിക്കുകയും അനുവദിക്കുകയും ചെയ്തു. കേരളത്തിൽ അങ്ങോളമുള്ള ശിവപ്രസാദ് മാഷിന്റെ പല ശിഷ്യൻമാരും സ്നേഹിതരും വർത്തമാന പത്രങ്ങളിലെ ചരമ കോളത്തിൽ ഒതുങ്ങിയ അദ്ദേഹത്തിന്റെ മരണവാർത്ത അറിഞ്ഞില്ല. നമ്മുടെ മാധ്യമങ്ങളുടെ മുൻഗണനകളെ കുറിച്ചും അജണ്ടകളെ കുറിച്ചും ഉള്ള ഗൗരവതരമായ ആലോചനകൾക്ക് കൂടി അദ്ദേഹത്തിന്റെ വിയോഗം നിമിത്തമായിരിക്കുകയാണ്.ഓർമ്മ

അടുത്ത ലക്കത്തിൽ:
**ശിവപ്രസാദ് മാഷ് കേരളീയ സമൂഹത്തെ ഓർമ്മിപ്പിക്കുന്നത്..**

---

*ജീവിതം*

# അഞ്ചു മണിക്കൂർ മാത്രം ഉറങ്ങുന്നവർ



*ബസ് കൂലി ലാഭിക്കുവാൻ ജോലിക്ക് അച്ചൻ നടന്നുപോകുന്നു. മകൾക്ക് പുതിയ ഡ്രസ്സ് വാങ്ങുവാൻ അമ്മ സാരി വാങ്ങുന്നത് നീട്ടിവയ്ക്കുന്നു. വിലകൂടിയ കളിപ്പാട്ടം ഒരു ബാലൻ തന്റെ കൂട്ടുകാരന് നൽകുന്നു. മിണ്ടാൻ ആരുമില്ലാത്ത വൃദ്ധനായ രോഗിയോടൊപ്പം തിരക്കുള്ള ഒരു പ്രൊഫസർ അരമണിക്കൂർ കഴിയുന്നു. കോളനിയിലെ മാലിന്യം ശേഖരിക്കാൻ ഒരു യുവാവ് രാവിലെ ഒരു മണിക്കൂർ കണ്ടെത്തുന്നു.*

വീട്ടിലെ ജോലികൾ തീർന്ന് കിടക്കാൻ സാധിച്ചപ്പോൾ മണി പതിനൊന്ന്. നല്ല ക്ഷീണം. കുഞ്ഞുങ്ങൾ സുഖമായി കിടന്നുറങ്ങുന്ന കാഴ്ച ആ അമ്മയ്ക്ക് എന്തെന്നില്ലാത്ത സന്തോഷം നൽകി. ഉറങ്ങും മുമ്പ് പിറ്റേന്നു വെളുപ്പിനെ എഴുന്നേൽക്കാൻ തക്കവണ്ണം അലാംക്ലോക്ക് നാലുമണിക്ക് സൂചി തിരിച്ചുവെച്ചു. നാലുമണിക്കെഴുന്നേറ്റാലേ എല്ലാ ജോലിയും തീർത്ത് ഒൻപതു മണിക്കു മുമ്പ് ഓഫീസിലെത്താൻ സാധിക്കൂ. നാലുമണിക്ക് സൂചി തിരിച്ചു വെച്ചപ്പോൾ ഒരു കൊച്ചു ദുഃഖം മനസ്സിൽ വിങ്ങി. ഇനി അഞ്ചു മണിക്കൂർ മാത്രമേ എനിക്ക് ഉറങ്ങാനുള്ളൂ. നാലിന് ചാടിയെഴുന്നേൽക്കണം. അഞ്ചു മണിക്കൂർ മാത്രം ഉറക്കം! അഞ്ചു മണിക്കൂർ എങ്കിൽ അഞ്ചു മണിക്കൂർ, എന്നു പറഞ്ഞുകൊണ്ടവർ കിടന്നു. വിലപ്പെട്ട അഞ്ചു മണിക്കൂറുകൾ.

ജീവിതത്തിൽ ഏറ്റവും വിലപ്പെട്ടത് എന്താണെന്നുള്ള ചോദ്യത്തിന് പെട്ടെന്നൊരു മറുപടി പറയാൻ പ്രയാസമായിരിക്കും. എന്നാൽ കൊച്ചു കാര്യങ്ങളിലൂടെ ജീവിതത്തെ സുന്ദരമാക്കുന്നവർക്ക് ഉത്തരം എളുപ്പമാണ്. രണ്ടു മണിക്കൂർ കൂടി ഉറങ്ങാൻ പറ്റിയിരുന്നെങ്കിൽ എന്നാണ് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയായ വീട്ടമ്മ ആഗ്രഹിക്കുന്നത്. പക്ഷേ അതു സാധിക്കുന്നില്ല. കുഞ്ഞുങ്ങൾക്കും ഭർത്താവിനും വേണ്ടി വീട്ടിലെ ജോലികൾ സമയത്തിനു ചെയ്തു തീർക്കാനുള്ള വ്യഗ്രതയിൽ അവർ ഉറക്കം ത്യജിക്കുകയാണ്. ആ ത്യഗത്തിലാണവരുടെ സംതൃപ്തി. ആ സംതൃപ്തിക്കുവേണ്ടിയാണ് ഇപ്പോൾ അവർ ജീവിക്കുന്നത്. അതിലൂടെ ജീവിതം സമ്പന്നമാകുന്നു.

എല്ലാ ജീവിതങ്ങളിലുമുണ്ട് ത്യാഗം. സ്നേഹത്തിനുവേണ്ടി ചിലതെല്ലാം വേണ്ടെന്നുവെയ്ക്കുന്നു. ബസ് കൂലി ലാഭിക്കുവാൻ ജോലിക്ക് അച്ഛൻ നടന്നുപോകുന്നു. മകൾക്ക് പുതിയ ഡ്രസ്സ് വാങ്ങുവാൻ അമ്മ സാരി വാങ്ങുന്നത് നീട്ടിവയ്ക്കുന്നു. വിലകൂടിയ കളിപ്പാട്ടം ഒരു ബാലൻ തന്റെ കൂട്ടുകാരന് നൽകുന്നു. മിണ്ടാൻ ആരുമില്ലാത്ത വൃദ്ധനായ രോഗിയോടൊപ്പം തിരക്കുള്ള ഒരു പ്രൊഫസർ അരമണിക്കൂർ കഴിയുന്നു. കോളനിയിലെ മാലിന്യം ശേഖരിക്കാൻ ഒരു യുവാവ് രാവിലെ ഒരു മണിക്കൂർ കണ്ടെത്തുന്നു.

ജീവിതങ്ങൾ തളിർക്കുവാൻ ഇവയൊക്കെയും ആവശ്യമാണ്. എല്ലാം കയ്യടക്കിവെയ്ക്കുവാനല്ല, ചിലതെല്ലാം വിട്ടുകൊടുക്കുവാനാണ് മനസ്സിനെ ഒരുക്കേണ്ടത്. സ്നേഹത്തിൽ ജനിക്കുന്ന ത്യാഗം. പങ്കിടാനുള്ള മനസ്ഥിതി. അതു വളരുമ്പോൾ മനുഷ്യൻ വലുതാകുന്നു. സമൂഹം സമ്പന്നമാകുന്നു.

*-മലയാള മനോരമ*

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# അറിയാത്ത കുഞ്ഞു കാര്യങ്ങൾ

മുക്കുറ്റിപ്പൂവിന് അഞ്ചിതളുകളും നിലപ്പനപ്പൂവിന് ആറിതളുകളുമാണെന്ന് ആദ്യമായി അറിഞ്ഞതിന്റെ വിസ്മയം പങ്കുവെക്കുന്ന, അക്കിത്തം രചിച്ച ഒരു കവിതയുണ്ട്. 'അടുത്തൂൺ'. നഗരജീവിതത്തിന്റെ തിരക്കുകളിൽനിന്ന് പെൻഷൻ പറ്റി നാട്ടിൻപുറത്തെ വിശ്രമജീവിതത്തിലേക്ക് വന്നെത്തുമ്പോഴാണ് ഒരാൾ ചുറ്റുപാടുകളിലെ തനിക്കറിയാത്ത നൂറുകൂട്ടം കാര്യങ്ങളുണ്ടെന്ന് തിരിച്ചറിയുന്നത്. സ്വാസ്ഥ്യത്തോടെ കണ്ണുതുറന്നു നോക്കുമ്പോൾ തിരക്കുപിടിച്ച ഭൂതകാലത്തിനിടയിൽ തന്റെ കണ്ണിൽപ്പെടാതെ പോയ ചെറിയ കാര്യങ്ങളുടെ വലിയ ലോകത്തെ അയാൾ ആഴത്തിൽ ദർശിക്കുന്നു. വിശ്രമജീവിതം അയാൾക്ക് ആഹ്ലാദകരമായിത്തിരുന്നു. ചെറിയ കാര്യങ്ങളുടെ ദർശനം വെളിപ്പെടുത്തുന്ന കവിതയാണ് 'അടുത്തൂൺ'

അറിയാത്ത കുഞ്ഞു കുഞ്ഞു കാര്യങ്ങളെക്കുറിച്ചാലോചിക്കുന്നത് രസമുള്ള കാര്യമാണ്. ഞാനോർക്കുമ്പോൾ കുട്ടിക്കാലത്ത് എന്റെ കൂട്ടുകാർക്കുണ്ടായിരുന്ന പല നൈപുണികളും എനിക്ക് വേണ്ടത്ര ഇല്ലായിരുന്നു. പട്ടവും പമ്പരവും ഉണ്ടാക്കാനും പഴന്തുണി വരിഞ്ഞ് പന്തുണ്ടാക്കാനും എന്റെ കൂട്ടുകാർ കാണിച്ചിരുന്ന കൈമിടുക്ക് കണ്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. ഞാൻ അവ പഠിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടിട്ടുമുണ്ട്. അന്ന് എന്നെ പൊതിഞ്ഞ നിരാശ ഇന്നും വിട്ടുപോയിട്ടില്ലെന്നു പറയാം. ഇന്നും ഞാൻ പഠിപ്പിക്കുന്ന എന്റെ കുട്ടികളുടെ പ്രായോഗിക കരവിരുത് കാണുമ്പോൾ അവരെ ആരാധനയോടെ നോക്കാറുണ്ട്, അഭിനന്ദിക്കാറുണ്ട്. അത്തരം കാര്യങ്ങൾ പഠിക്കാതെ പോയതിന്റെ പോരായ്മ ഏതൊക്കെയോ തരത്തിൽ ഞാനനുഭവിക്കുന്നുമുണ്ട്.

ഡിഗ്രിക്കു പഠിക്കുമ്പോൾ ഞങ്ങൾ നാലഞ്ചു കൂട്ടുകാർ ചേർന്ന് കോളേജിനടുത്ത് നാട്ടിൻപുറത്തെ ഒരു വാടകവീട്ടിൽ താമസം തുടങ്ങുന്ന സമയത്താണ്. കറന്റുപോയാൽ വെളിച്ചത്തിന് മെഴുകുതിരിയോ വിളക്കോ ഇല്ലെന്ന പ്രശ്നം ഞങ്ങളുടെ മുമ്പിൽ വന്നു. രാത്രി കറന്റുപോവാനിടയുണ്ട്. മണ്ണെണ്ണയുണ്ട്. എന്നാൽ ഒരു വിളക്കോ മെഴുകുതിരിയോ കിട്ടാൻ അടുത്തെങ്ങും കടകളൊന്നുമില്ല. ഉടൻ സുഹൃത്ത് സന്തോഷ് പ്രശ്നത്തെ പ്രായോഗികമായി നേരിടാൻ തയ്യാറായി. ഒരു ചെറിയ കുപ്പി സംഘടിപ്പിച്ചു. അതിന്റെ അടപ്പിന്റെ മധ്യത്തിൽ കത്തിയുടെ മുനകൊണ്ട് ദ്വാരമുണ്ടാക്കി. വീടിന്റെ പിന്നാമ്പുറത്തുകൂടി നടന്ന് പരതി ഒരു ചെറിയ തകരക്കഷ്ണം കണ്ടെടുത്തു. അത് ചുരുട്ടി കുഴൽ രൂപത്തിലാക്കി കുപ്പിയുടെ അടപ്പിന്റെ മധ്യത്തിലെ ദ്വാരത്തിൽ തിരുകിവെച്ചു. പഴയൊരു തുണിക്കഷ്ണം ചീന്തി തെറുത്ത് തിരിയുണ്ടാക്കി. മണ്ണെണ്ണ ഒഴിച്ചാൽ കത്താൻ വിളക്ക് റെഡി! വലിയ കണ്ടുപിടിത്തമൊന്നുമല്ലിത്. എന്നാൽ അതിന് സന്തോഷ കാണിച്ച പ്രായോഗിക നൈപുണിയാണ് എന്നെ ആകർഷിച്ചത്. എനിക്ക് തീരെ ഇല്ലാത്തതും അതാണെന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഈയടുത്ത് ലണ്ടനിൽനിന്നുള്ള കൗതുകകരമായ ഒരു പഠനറിപ്പോർട്ട് വായിച്ചു. ഒരു അഭിപ്രായസർവ്വേയുടെ റിപ്പോർട്ടാണ്. ബ്രിട്ടനിലെ അഞ്ചിൽ നാലുപേരും കയറു കൊണ്ടുള്ള ഊരാക്കെട്ട് എങ്ങനെയെന്ന് അറിയാത്തവരാണ് എന്നാണ് ഒരു കാര്യം. അതുപോലെ സൈക്കിൾ ടയറിന്റെ പഞ്ചർ ശരിപ്പെടുത്തുക, കറിക്കത്തികൾ ശരിയായി ഉപയോഗിക്കുക തുടങ്ങിയ പ്രായോഗിക രീതികളിൽ ജപ്പാനിലെ കൗമാരക്കാർ ഏറെ പിന്നിലാണെന്ന് സർവ്വേ വ്യക്തമാക്കി. മുൻകാലത്തേതിനേക്കാൾ കൗമാരക്കാർ കമ്പ്യൂട്ടറുകൾക്കു മുന്നിൽ സമയം ചെലവിടുന്നതാണ് ഇത്തരം പ്രായോഗിക സ്കില്ലുകളുടെ അഭാവത്തിന് കാരണമായി മുതിർന്നവർ ചൂണ്ടിക്കാട്ടുന്നത് എന്ന് റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിനെക്കുറിച്ച് വായിച്ചപ്പോൾ ഞാനോർത്തത് കുട്ടിക്കാലത്ത് ഞാൻ പഠിക്കാതെ പോയ പ്രായോഗിക സ്കില്ലുകളെക്കുറിച്ചാണ്. ഒരു ചരടെടുത്ത് ഞാനും ഒന്ന് 'ഊരാക്കെട്ട്' ഇട്ടുനോക്കി.

ഇപ്പോഴും മലയാളത്തിലെ ചില അക്ഷരങ്ങൾ ശ്രദ്ധാപൂർവ്വം ('ങ്ങ', 'ഞ്ഞ'യൊക്കെ) എഴുതുമ്പോൾ തെറ്റിപ്പോവുമോ എന്നു സംശയമാണ്. ഷർട്ടിന്റെ ബട്ടൺ തുന്നാൻ കുറേ മുതിർന്നതിനു ശേഷമാണ് ശ്രമപ്പെട്ടു പഠിച്ചത്. ശതമാനക്കണക്കുകൾ എനിക്കു പ്രയാസം. എന്തിനേറെ സ്റ്റാറ്റിസ്റ്റിക്സിലെ 'റ്റാലി' അടയാളം ഇടുന്നത് ശരിയായ വിധം ഞാൻ പഠിച്ചത് അധ്യാപകനായി ഏറെക്കാലം കഴിഞ്ഞതിനുശേഷമാണ്. ഞാനിന്ന് ഇടുന്നതിലെ തെറ്റ് കണ്ടുപിടിച്ച് ഒരു സഹപ്രവർത്തകൻ സ്നേഹപൂർവം തിരുത്തിത്തന്നപ്പോൾ ജീവിതത്തിൽ പഠിച്ച വലിയൊരു അറിവായി എനിക്കു തോന്നി. മാത്രവുമല്ല ഞാൻ എത്രയോ സ്ഥലത്ത് പരസ്യമായി 'റ്റാലി' അടയാളം തെറ്റായി പ്രയോഗിച്ചിട്ടും ഇത്രയും കാലം എന്നെ തിരുത്താതെ പോയ ലോകത്തോടും എനിക്ക് നീരസം തോന്നി. വൈകിയാണെങ്കിലും തെറ്റു കാണിച്ചുതന്ന സഹപ്രവർത്തകനോട് എനിക്ക് ബഹുമാനം തോന്നി.

ഇതുപോലെ ഞാൻ വൈകി വായിച്ചറിഞ്ഞ ഒരു കാര്യമുണ്ട്. (ഒരുപക്ഷേ ഇതേക്കുറിച്ചറിയുമ്പോൾ ഈ കുറിപ്പ് വായിക്കുന്നവർ അത്ഭുതപ്പെട്ടേക്കാം.) മുതിർന്ന്, ഒരുപാട് വലിയ സാഹിത്യകൃതികളൊക്കെ വായിച്ചുകഴിഞ്ഞതിനുശേഷമാണ് ഏതു കൊച്ചുകുട്ടികൾക്കുമറിയാവുന്ന 'ആമയും മുയലും പന്തയം വെച്ച കഥ' ഞാൻ ആദ്യമായി പൂർണമായി വായിച്ചത്! എന്തു ചെയ്യാം, എത്രയോ

പേജ് 13ൽ



ഓർമ്മ

# പെട്രാകെല്ലിയുടെ സമാധാന രാഷ്ട്രീയം

എസ്. ശാന്തി

*'ജീവിതശൈലീ രാഷ്ട്രീയം' എന്ന ആശയം മഹാത്മാഗാന്ധിക്ക് ശേഷം ഉയർത്തിയ ഏക രാഷ്ട്രീയനേതാവായിരുന്നിരിക്കണം പെട്രാ. പെട്രാ കെല്ലി ലോകത്തോട് സംവദിച്ച സന്ദേശവും ഇതായിരുന്നു.*

പെട്രാ കെല്ലിയുടെ കഥ എനിക്കെഴുതണമെന്നുണ്ട്. എന്നാൽ എങ്ങനെയെഴുതണമെന്ന് അറിയുകയുമില്ല. നേരിട്ടറിയില്ലെങ്കിലും സമാനഹൃദയയായ ഒരു ആത്മസഖിയാണ് എനിക്കവൾ. അവളെ എനിക്കും ലോകത്തിനും നഷ്ടപ്പെട്ടുവല്ലോ എന്ന വ്യസനം എന്റെ മനസ്സിലെപ്പോഴുമുണ്ട്. 1992 ഒക്ടോബർ 1 നാണ് പെട്ര കൊല്ലപ്പെട്ടത്. 1992 നവംബർ ലക്കം സൂചീമുഖിയിൽ പെട്രയെക്കുറിച്ച് ഞാനെഴുതിയിരുന്നു. മൂന്നോ നാലോ ലക്കങ്ങളിലായി അന്നു ഞാൻ അനുഭവിച്ച ദു:ഖവും കൊടും നൈരാശ്യവും വായനക്കാരുമായി പങ്കിട്ടത് ഞാനോർക്കുന്നു. പെട്രയുടെ ആത്മസഖാവായ ഗെർട്ട് ബാസ്റ്റ്യൻ പെട്രയെ വെടിവെച്ചു. കൊന്ന്, ആത്മഹത്യ ചെയ്തതായിട്ടായിരുന്നു ലോകത്തന്ന് പ്രചരിപ്പിച്ച വാർത്ത. പിന്നീട് പെട്രയുടെ കഥ പലരും എഴുതി. അവരുടെ മരണം ഒരു ആസൂത്രിത ഇരട്ടക്കൊലപാതകമായിരുന്നിരിക്കണം എന്ന് സ്ഥിരീകരിക്കുന്ന നിരവധി അന്വേഷണങ്ങൾ പുറത്തുവന്നു. പക്ഷേ ജർമ്മൻ സർക്കാർ അതെല്ലാം ശക്തിയുക്തം നിരാകരിച്ചു. അതിവിദഗ്ധമായും ആധുനിക കൊലപാതക സാങ്കേതികതയുമുപയോഗിച്ചു നടത്തിയ ആ രാഷ്ട്രീയ രഹസ്യ കൊലപാതകം യാതൊരു തെളിവും കിട്ടാതെ തെളിയിക്കാതെ പോയി. ജർമ്മൻ ഭരണകൂടത്തിനു മാത്രമല്ല, പെട്രാ കെല്ലി ജീവിതം കൊടുത്ത് വളർത്തിയ ഗ്രീൻ പാർട്ടിക്കും പെട്രയെ കൊന്നുകളയണമെന്നായിരുന്നു എന്ന് വ്യക്തം.

**ആരാണ് പെട്രാ കെല്ലി?**

ഫ്രിജോഫ് കാപ്രയും ചാർളിൻ സെപ്രട്നാക്കും കൂടി എഴുതിയ 'ഗ്രീൻ പൊളിറ്റിക്സ്' എന്ന പുസ്തകത്തിലാണ് ഞാനാദ്യമായി പെട്രാ കെല്ലിയെ കണ്ടെത്തുന്നത്. പെട്രയുടെ സ്നേഹം നിറഞ്ഞ പെരുമാറ്റവും ആത്മാർത്ഥതയും ആത്മശക്തിയും അവരാകൃതിയിൽ വിവരിക്കുന്നുണ്ട്. 1983 ൽ സാൻഫ്രാൻസിസ്കോയിൽ അവർ നടത്തിയ യാത്രയ്ക്കിടയിലും ബോണിൽ അവരെ സ്വീകരിച്ച അവസരങ്ങളിലും കാപ്രക്കും ചാർളിനും പെട്രയിൽ നിന്ന് ലഭിച്ച സ്നേഹവായ്പിനെ കുറിച്ചവർ വാചാലരാവുന്നുണ്ട്.

'ഗ്രീൻ പൊളിറ്റിക്സ്' എഴുതാൻ വേണ്ടിയുള്ള ഗവേഷണം ആരംഭിച്ചപ്പോൾ തന്നെ "വ്യക്തിത്വവും വശീകരണശക്തിയും കൂടുതലുള്ള നേതാക്കളെ പുറംതള്ളണമെന്ന" വാദം ജർമ്മൻ ഗ്രീൻ പാർട്ടിയിൽ ഉയരാൻ തുടങ്ങിയിരുന്നു! വിചിത്രമായ ഈ വാദം ഈ രണ്ടു എഴുത്തുകാരെ അത്ഭുതപ്പെടുത്തി. ഹരിത രാഷ്ട്രീയ പ്രസ്ഥാനം വളർത്തിയെടുക്കാൻ അഹോരാത്രം പ്രവർത്തിച്ച പെട്രയെ ഗ്രീൻസുകാർക്ക് ചുരുങ്ങിയ കാലം കൊണ്ടുതന്നെ രസിക്കാതായി എന്നവർ മനസ്സിലാക്കി. മാത്രമല്ല "വശീകരണശക്തിയുള്ള" പെട്രയെ അന്ന് പാർട്ടിയിൽ നിന്നു പുറത്താക്കണം എന്നാണവർ ശഠിച്ചിരുന്നത്.

"വ്യക്തിപരമായ പ്രവർത്തനങ്ങളിലും പ്രചാരണങ്ങളിലും പെട്ര മയങ്ങിപ്പോവുകയാണ്" എന്നതായിരുന്നു ഏറ്റവും വലിയ പരാതി. "വ്യക്തിപരമായ കാര്യങ്ങളും രാഷ്ട്രീയപരമായ കാര്യങ്ങളും തൊഴിൽപരമായ കാര്യങ്ങളുമെല്ലാം ഒന്നാവുന്ന ജീവിതദർശനമാണ് ഹരിതരാഷ്ട്രീയം, സമാധാനരാഷ്ട്രീയം" എന്ന് വിശ്വസിച്ച ആളായിരുന്നു പെട്രാ. 'ജീവിതശൈലീ രാഷ്ട്രീയം' എന്ന ആശയം മഹാത്മാഗാന്ധിക്ക് ശേഷം ഉയർത്തിയ ഏക രാഷ്ട്രീയനേതാവായിരുന്നിരിക്കണം പെട്രാ. പെട്രാ കെല്ലി ലോകത്തോട് സംവദിച്ച സന്ദേശവും ഇതായിരുന്നു. പെട്രയുടെ ആത്മശക്തിയും വാഗ് വൈഭവവും കഠിനയത്നവും ഇല്ലാതിരുന്നുവെങ്കിൽ ഹരിതരാഷ്ട്രീയത്തിന് ഇത്ര ലോകപ്രചാരം കിട്ടില്ലായിരുന്നല്ലോ എന്ന് കാപ്ര വാദിച്ചുനോക്കി. പെട്രക്ക് കിട്ടുന്ന "സ്പോട്ട് ലൈറ്റ്" കുറച്ചെങ്കിലും മറ്റ് ഗ്രീൻസുകാരുമായി അവർക്ക് പങ്കുവെച്ചുകൂടേ എന്നായി അവർ. അറിവിലും ആത്മത്യാഗത്തിലും വശീകരണശക്തിയിലും അഗ്രഗണ്യനായ ഒരാൾക്ക്, പ്രത്യേകിച്ച് ഒരു സ്ത്രീക്ക് ഈ ഹൃദയശൂന്യ ലോകത്ത് എന്തെല്ലാം സഹിക്കേണ്ടിവരും എന്നതിന്റെ ദൃഷ്ടാന്തമാണ് പെട്രയുടെ ജീവിതം. പൊതുപ്രവർത്തന രംഗത്തെ അധികാരശൃംഗങ്ങളിലെത്തുന്ന സ്ത്രീകൾക്ക് സഹിക്കേണ്ടിവരുന്ന അവജ്ഞയിൽ നിന്നും ഈർഷ്യയിൽ നിന്നും അവർക്ക് രക്ഷയില്ലെന്ന് പെട്രയുടം കഥ വ്യക്തമാക്കുന്നു. പുരുഷൻമാരിൽ നിന്നുണ്ടാവുന്ന നീരസവും അസഹിഷ്ണുതയും സ്ത്രീകളുടെ അസൂയയും നീചത്തരവും പെട്രക്ക് ഒരുപോലെ സഹിക്കേണ്ടിവരുന്നു.


**ഹരിതരാഷ്ട്രീയത്തിലെ ജോൻ ഓഫ് ആർക്ക് (Joan of Arch)**

"നീളം കുറഞ്ഞ നേർത്ത മുടിയും വശ്യമായ മുഖവും അഗാധമായ പ്രതിബദ്ധതയും തിടുക്കമേറിയ സംസാരരീതിയും രക്തസാക്ഷിയുടെ മുഖലക്ഷണവും..." പെട്രയെക്കുറിച്ചുള്ള ഒരു വിവരണമാണിത്. ജോൻ ഓഫ് ആർക്കുമായാണ് അവരെ പലരും താരതമ്യപ്പെടുത്തിയിരുന്നത്. "നർമ്മരസം തൊട്ടുതീണ്ടിയിട്ടില്ലാത്ത, വേഗത കൂടിയ സ്ത്രീ"യായിട്ടാണ് മാധ്യമങ്ങൾ അവരെ ചിത്രീകരിച്ചിരുന്നത്. ചിലപ്പോൾ അവർ ബാധ കൂടിയതുപോലയാണത്രെ പെരുമാറിയിരുന്നത്. അഭിമുഖസംഭാഷണങ്ങളുടെ ചുരുങ്ങിയ ചട്ടക്കൂട്ടിൽ പോലും സങ്കീർണ്ണവും കുഴഞ്ഞുമറിഞ്ഞതുമായ ഹരിതരാഷ്ട്രീയ നിലപാടുകൾ അനിതരസാധാരണമായ ബുദ്ധിവൈഭവത്തോടെ അവർ വ്യക്തമാക്കിയിരുന്നു. ക്ഷീണത്തിന്റെ ഇരുണ്ട നിറം ഗാഢമാക്കുന്ന അവരുടെ കണ്ണുകളും ശ്വാസം വിടാൻ പോലും സ്വയം അനുവദിക്കാതെയെന്നോണം അതിദ്രുതം ഒഴുകുന്ന അവരുടെ അതുല്യ വാക്ചാതുരിയും ആത്മാർത്ഥതയെന്ന "ബാധ" കൂടിയ ആളിൽ അല്ലേയുണ്ടാവൂ?

*-സൂചിമുഖി*

*ലിമാ ഡെസ്ക്*

# സൗഹൃദങ്ങളുടെ പൂക്കാലം




*ചെറിയ ഒരു പുസ്തകശാലയെും സൗഹൃദങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിച്ച ജോർജ് വൈറ്റ്മാൻ എന്ന അതിന്റെ ഉടമസ്ഥനെയും കുറിച്ച്..*

"Be not inhospitable to strangers lest they be angels in disquise"

അപരിചിതരോട് നിസംഗത കാണിക്കരുതേ, അവർ ചിലപ്പോൾ വേഷം മാറിവന്ന മാലാഖമാരായിരിക്കാം എന്ന് എഴുതിവെച്ചിട്ടുള്ള പാരീസിലെ 'ഷേക്സ്പിയർ ആന്റ് കമ്പനി' എന്ന പുസ്തകശാല വഴിതെറ്റി വരുന്ന സാഹിത്യകൃതികളുടെയും, കലാകാരൻമാരുടെയും, എഴുത്തുകാരുടെയും മുന്നിൽ സദാ വാതിൽ തുറന്നുവെച്ചിരിക്കുന്നു. നടത്തിപ്പുകാരൻ ജോർജ്ജ് വൈറ്റ്മാൻ ഇക്കഴിഞ്ഞ ഡിസംബർ 14 ന് 98-ാം വയസ്സിൽ അന്തരിച്ചു. മകൾ സിൽവിയ യാത്ര തുടരുന്നു.

ജോർജ് വൈറ്റ്മാന് സൗത്ത് അമേരിക്കയിൽ തെരുവുകളിലൂടെ അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന ഒരു ഭൂതകാലമുണ്ട്. തദ്ദേശീയരായ ആളുകളുടെ സ്നേഹവും ആതിഥ്യവും അക്കാലത്ത് അദ്ദേഹം ആവോളം അനുഭവിച്ചിരുന്നു. ഒരു പരിചയവുമില്ലാത്തവരിൽ നിന്ന് സ്നേഹവും പരിചരണവും അനുഭവിച്ച ജോർജ് വൈറ്റ്മാൻ ഈ അനുഭവങ്ങളുടെ പ്രചോദനത്തിൽ അലഞ്ഞുതിരിഞ്ഞ് അശരണരായി നടക്കുന്ന എഴുത്തുകാരെയും കലാകാരൻമാരെയും സഹൃദയരെയും സദാ സ്വീകരിക്കുന്ന ഒരിടം ഉണ്ടാവണമെന്ന് ആഗ്രഹിക്കുകയായിരുന്നു. ലോകത്തെല്ലായിടത്തുമുള്ള എഴുത്തുകാരെയും കലാകാരൻമാരെയും വൈറ്റ്മാൻ തന്റെ പുസ്തകശാലയായി മാറ്റിയ വീട്ടിലേക്ക് സ്വീകരിച്ചു. അവർക്ക് താമസിക്കാനും വായിക്കാനും രചനകൾ നടത്താനുമുള്ള സൗകര്യങ്ങൾ പുസ്തകശാലയിൽ ഒരുക്കി. ഹെൻട്രി മില്ലർ, ലോറൻസ് ഡ്യൂറാൾ, ഹെമിംഗ്‌വേ.... അങ്ങനെ വൈറ്റ്മാന്റെ പുസ്തകശാലയിൽ പതിവായി സന്ദർശനം നടത്തി താമസിച്ചവർ ഏറെ.

1951 ലാണ് ഷേക്സ്പിയർ കമ്പനി തുടങ്ങിയത്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം പാരീസിലെത്തിയ വൈറ്റ്മാൻ അമേരിക്കയിലേക്ക് മടങ്ങിയില്ല. പാരീസിൽ ഒരു അപ്പാർട്ട്മെന്റ് എടുത്ത് തന്റെ സ്വപ്നപദ്ധതിക്ക് തുടക്കമിട്ടു. ഒരു പുസ്തകശാല എന്ന നിലയിൽ നിന്ന് ഒരു സാംസ്കാരിക സ്ഥാപനമായി ഇത് മാറി. പാരീസ് ലിറ്ററി പ്രൈസ് എന്ന പേരിൽ പുരസ്കാരം, ശിൽപശാലകൾ, സാഹിത്യ-കലാ ഉത്സവങ്ങൾ, പുസ്തകമേളകൾ..... തുടങ്ങിയ സംരംഭങ്ങൾ സജീവമായി നടന്നുവരുന്നു.

ആരുടെ മുന്നിലും അടക്കാത്ത ഈ സ്ഥാപനത്തിന്റെ വാതിൽ, പാരീസിലെത്തുന്ന എഴുത്തുകാരനോ, വായനക്കാരനോ, കലാകാരനോ, സഹൃദയനോ ആർക്കും എപ്പോഴും ആശ്രയമാണ്. അപരിചിതരാണെങ്കിലും ഈ വാതിൽ തുറന്നുതന്നെ ഇരിക്കുന്നു. പുസ്തകശാലയുടെ മുകൾ നിലയിലെ മുറികളിൽ താമസവും വായനയും എഴുത്തുമൊക്കെയായി കൂടാം. ചെറിയ ഒരു പുസ്തകശാലയും, സൗഹൃദങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിച്ച ജോർജ് വൈറ്റ്മാൻ എന്ന അതിന്റെ ഉടമസ്ഥനും ചരിത്രത്തിലെ അത്യപൂർവ്വതകളിൽ ഒന്നാണ്.

---

*പേജ് 11 ൽ നിന്ന് തുടർച്ച...*

*അറിയാത്ത കുഞ്ഞു കുഞ്ഞു കാര്യങ്ങൾ...*

കഥകൾ കുട്ടിക്കാലത്തു കേട്ടു, എന്നാൽ എന്റെ കുട്ടിക്കാല ജീവിതപരിസരങ്ങളിലെവിടെയും ഈ കഥ പൂർണമായ രൂപത്തിൽ ഞാൻ കേൾക്കാനിടവന്നില്ല എന്നതാണ് സത്യം. ഒരു മുത്തശ്ശിയോ എൽ.പി സ്കൂൾ ടീച്ചർമാരോ മുതിർന്നരാരെങ്കിലുമോ കേൾക്കേണ്ട പ്രായത്തിൽ എനിക്കീ കഥ പറഞ്ഞുതന്നില്ല. പിന്നീട് ബാലമാസികകളൊക്കെ വായിച്ചു തുടങ്ങിയ പ്രായത്തിൽ ഇതിന്റെ വ്യത്യസ്ത രൂപത്തിലുള്ള 'പാരി കഥകളാ'ണ് വായിച്ചത്. ദീപം ചായയുടെ പരസ്യകഥകളും. ഒറിജിനൽ കഥ വായിച്ചിരുന്നില്ല. ആമയും മുയലും പോലെ എന്നൊക്കെ പലരും പറയുമ്പോൾ ഞാനും തലകുലുക്കും. യഥാർഥത്തിൽ മുയലിന് എന്താണു സംഭവിച്ചത് എന്നു ഞാനറിഞ്ഞിരുന്നില്ല. തെറ്റിത്തെറിച്ചു മുതിർന്നുപോയാൽ പിന്നെയാരാണ് ഈ കുട്ടിക്കഥകളൊക്കെ പറഞ്ഞുകൊടുക്കുക? അങ്ങനെ ഈ കഥ കേൾക്കാൻ നിൽക്കാതെ ഞാനങ്ങു വളർന്നു പോരുകയും ചെയ്തു.

ഒന്നാലോചിച്ചാൽ രസമാണ്. അറിയാത്ത കാര്യങ്ങളുടെ അമ്പരപ്പ്! അതും ചെറിയ കാര്യങ്ങൾ. അറിയാത്ത ഈ ചെറുത് വളരെ വലുതാണെന്ന് ഇന്നെനിക്കറിയാം. ഒരു പക്ഷേ 'വലിയ' സംഗതികളൊന്നുമറിയില്ലെങ്കിലും നൂറുകൂട്ടം കുഞ്ഞുകാര്യങ്ങളറിയുന്ന കുട്ടികളടക്കമുള്ള മഹാരഥന്മാരുടെ മുമ്പിൽ ഈ അറിവില്ലാത്തവൻ ആദരവോടെ, വിനയത്തോടെ നമിക്കുന്നു.

*കുട്ടികൾ*

# മധുരം വേണ്ടാത്ത കുട്ടികൾ

***മോണ്ടിസോറി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സ്ഥാപകയായ മരിയ മോണ്ടിസോറിയുടെ ജീവിതത്തിൽ നിന്ന്***

നിലവിലുള്ള വിശ്വാസങ്ങളെ വെല്ലുവിളിക്കുന്നതായിരുന്നു മരിയയുടെ പല ആശയങ്ങളും. കുട്ടികളെ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ മരിയയ്ക്കു ലഭിച്ച അറിവുകൾ പലതും അവിശ്വസനീയമായിരുന്നു. അതിലൊന്നായിരുന്നു, കുട്ടികൾ ചില നേരങ്ങളിൽ മധുരം ഇഷ്ടപ്പെടുന്നില്ല എന്നത്. മധുരം വേണ്ടാത്ത കുട്ടികളോ! ആരും നെറ്റി ചുളിക്കും.

മിഠായിക്കൊതിയരാണ് കുട്ടികൾ, കയ്യിൽ കിട്ടിയാലുടൻ കുട്ടികൾ മിഠായി തിന്നും തുടങ്ങിയ ധാരണകൾ പലപ്പോഴും ശരിയല്ലെന്ന് സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ മരിയ മോണ്ടിസ്സോറി വിശദീകരിച്ചു.

കുട്ടികൾക്ക് മിഠായികൾ ഇഷ്ടമില്ലാത്ത നേരമുണ്ടോ എന്നു സംശയിച്ചവരോട് തർക്കിക്കാനൊന്നും മരിയ തയ്യാറായില്ല. അവർക്ക് പറയുവാനുണ്ടായിരുന്നത് 'കുട്ടിവീട്ടി'ലെ അനുഭവമാണ്. 'ദ സീക്രട്ട് ഓഫ് ചൈൽഡ്ഹുഡ്' (കുട്ടിത്തത്തിന്റെ രഹസ്യം) എന്ന ലോകപ്രശസ്ത പുസ്തകത്തിൽ പിൽക്കാലത്ത് മരിയ ആ മിഠായി അനുഭവം വിശദീകരിച്ചു.

ഒരു ദിവസം മരിയ 'കുട്ടിവീട്ടി'ലെ കുട്ടികൾക്ക് മധുരപലഹാരം നൽകി. കുട്ടികൾ അത് തിന്നാതെ യൂണിഫോമിന്റെ പോക്കറ്റിൽ നിക്ഷേപിച്ചു. കുട്ടികളുടെ പ്രതികരണം മരിയയെ അത്ഭുതപ്പെടുത്തി. വീട്ടിൽ കൊണ്ടുപോയി കുടുംബാംഗങ്ങൾക്കു കൂടി പങ്കുവെയ്ക്കാനാവുമെന്ന് അവർ കരുതി.

അതിനാൽ അവർ പറഞ്ഞു. "അതു നിങ്ങൾക്ക് കഴിക്കാൻ തന്നതാണ്. വീട്ടിൽ കൊണ്ടുപോകാൻ വേറെ തരാം." എന്നിട്ടും കുട്ടികൾ അതു കഴിച്ചില്ല. മധുരം വേണ്ടാത്ത കുട്ടികളോ? കുട്ടികൾ മധുരം കഴിക്കാതിരിക്കാൻ എന്താകും കാരണം? മരിയ ആലോചിച്ചു. ഉത്തരങ്ങളും കണ്ടെത്തി.

കൂടുതൽ ഇഷ്ടപ്പെട്ട മറ്റ് ജോലികൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ കുട്ടികൾ മധുരം കിട്ടിയാലും അത് ഉടൻ കഴിക്കില്ല. സമ്മാനമായും മറ്റും കിട്ടുന്ന മിഠായികൾ കുട്ടികൾ മിക്കപ്പോഴും ഏറെ നേരം കാത്തുവെയ്ക്കുന്നു.

കളിയിലോ വരയിലോ മുഴുകിയിരിക്കുമ്പോൾ കുട്ടികൾ മധുരസാധനങ്ങളോട് ആർത്തി കാണിക്കില്ല. ഇങ്ങനെ ധാരാളം കാര്യങ്ങൾ മരിയ ആ അനുഭവത്തിൽ നിന്നു മനസ്സിലാക്കി.

കുട്ടികൾ പലപ്പോഴും അത്ഭുതപ്പെടുത്തുന്ന ക്ഷമാശീലം പ്രകടിപ്പിക്കുന്നു എന്ന വലിയ പാഠവും മരിയയ്ക്ക് മനസ്സിലായി.

*-ബാലരമ ഡൈജസ്റ്റ്*

*മരിയ കുട്ടികൾക്കൊപ്പം*



## പലരും ചോദിക്കുന്ന ചോദ്യം

**ലിറ്റിൽ മാസികയിൽ ഒരു തരം ആത്മീയതകടന്നു വരുന്നില്ലേ?**

ഉള്ളിൽ തട്ടുന്നതും അകം വൃത്തിയാക്കുന്നതും അകം ബലപ്പെടുത്തുന്നതുമായ ചിന്തകളെ ആത്മീയം എന്നുപറഞ്ഞ് തള്ളിക്കളയേണ്ടതില്ല. പുറത്ത് നടക്കുന്ന വിപ്ലവങ്ങളെപ്പോലെ തന്നെ പ്രധാനമാണ് അകത്ത് നടക്കേണ്ട വിപ്ലവങ്ങളും. വിപ്ലവകാരികൾക്കും സ്വാസ്ഥ്യവും ഏകാഗ്രതയും മൗനവും മനനവും അനിവാര്യമാണ്. ഇത്തരം ആലോചനകളെ എന്തെങ്കിലും പ്രത്യേക പേരിട്ട് വിളിക്കേണ്ടതുണ്ടോ?

## മണ്ണ്

ആകാശത്തെ
നക്ഷത്രങ്ങളെപ്പോലെത്തന്നെ
എണ്ണിയാൽ തീരാത്ത
ജീവജാലങ്ങൾ നിറഞ്ഞ
മണ്ണ് ഒരു
ആവാസവ്യവസ്ഥയാണ്.
ജീവനെ നിലനിർത്തുന്ന
പ്രകൃതി വ്യവസ്ഥകളും
ജീവസമൂഹങ്ങളും
ചേർന്നുണ്ടാക്കുന്ന, ജീവനു
നിലനിൽക്കാനും
പരിണമിക്കാനും കൂടുതൽ
കൂടുതൽ ജീവന്
ഉരുത്തിരിയാനുമുള്ള
സാഹചര്യങ്ങൾ
സൃഷ്ടിക്കുന്ന
പ്രകൃതിവ്യവസ്ഥയാണ്
മണ്ണെന്ന ആവാസവ്യവസ്ഥ.

## ഇക്കോ ക്യാമ്പ്

യുവജനങ്ങൾക്ക് ഇക്കോ ക്യാമ്പും വനയാത്രയും ഏപ്രിൽ 1.2 തിയതികളിൽ.

വിളിക്കുക-
*ഡയറക്ടർ,പ്രകൃതിപഠനകേന്ദ്രം, നമ്പൂർ ഫോൺ -9747337331*

*ഡൈജസ്റ്റ്*

# കത്തെഴുത്തുമായി വിദ്യാഭ്യാസ വകുപ്പ് ഡൈജസ്റ്റ്

വിദ്യാലയങ്ങളുടെ സ്ഥിതി മനസ്സിലാക്കാൻ വിദ്യാഭ്യാസ മന്ത്രി പി.ടി.എ പ്രസിഡന്റുമാർക്കും തിരിച്ചും കത്തെഴുതുന്ന സ്നേഹസ്പർശം പദ്ധതി ആരംഭിക്കുന്നു. വിദ്യാർത്ഥികളുടെ പഠന-ധാർമ്മിക നിലവാരം ഉയർത്താൻ ലക്ഷ്യമിടുന്ന പദ്ധതി സ്കൂളുകളുടെ യഥാർത്ഥ സ്ഥിതി രക്ഷാകർത്താക്കൾക്ക് മനസ്സിലാക്കാൻ ഉപകരിക്കുമെന്ന് മന്ത്രി പി.കെ. അബ്ദുറബ്ബ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഓരോ മാസവും പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കിയുള്ള കത്ത് പി.ടി.എ പ്രസിഡന്റുമാർക്ക് മന്ത്രി അയക്കും. ഇതിന് മറുപടി പി.ടി.എ ഭാരവാഹികൾക്കും രക്ഷാകർത്താക്കൾക്കും എഴുതാം. സാമൂഹികവും വ്യക്തിപരവുമായ കാര്യങ്ങൾ ഇതിൽ പരാമർശിക്കാം. മലയാളത്തിൽ കൈകൊണ്ട് എഴുതണം. കത്തെഴുത്ത് പുനരുജ്ജീവിപ്പിക്കാനും മലയാള ഭാഷയുടെ എഴുത്തുപയോഗം വർദ്ധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. കത്തുകൾ പരിശോധിക്കാനും മറുപടി അയക്കാനും മന്ത്രിയുടെ ഓഫീസിൽ പ്രത്യേക ഡസ്ക് രൂപവത്കരിക്കും. ടെലിഫോണിലൂടെയോ ഇ-മെയിലിലൂടെയോ ഉള്ള കത്തുകൾക്ക് മറുപടി നൽകില്ല.

# പക്ഷികൾക്ക് മരണമണി?

## മൊബൈൽ ടവറുകൾ നിരീക്ഷണത്തിൽ

ഒഡീഷയിൽ പക്ഷികൾ കൂട്ടത്തോടെ ചത്തുവീണതിനെ തുടർന്ന് രാജ്യത്തെ മൊബൈൽ ടവറുകളുടെ ആഘാതത്തെ കുറിച്ച് പഠിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തീരുമാനിച്ചു. മൊബൈൽ ടവറുകൾ സൃഷ്ടിക്കുന്ന റേഡിയേഷൻ ആഘാതം പക്ഷികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യത്തിൽ ഉത്കണ്ഠയുണ്ടെന്നും ഇക്കാര്യം പരിശോധിക്കാനുള്ള പഠനം മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രി ജയന്തി നടരാജൻ പറഞ്ഞു.


മൊബൈൽ ടവറിൽ നിന്നുള്ള അമിതമായ റേഡിയേഷൻ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. റേഡിയേഷൻ പ്രസരണ വിഷയം മന്ത്രാലയത്തിന്റെ അടിയന്തര പരിഗണനയിലാണ്. അതിനാൽ മൊബൈൽ ടവറുകളുടെ റേഡിയേഷൻ പരിശോധിക്കണമെന്നാവശ്യപ്പെട്ട് ടെലികോം മന്ത്രാലയത്തിന് കത്തെഴുതുമെന്നും നടരാജൻ പറഞ്ഞു.


1 വർഷത്തേക്ക്

**100**
രൂപ



-ലിറ്റിൽ മാസിക,ചുങ്കത്തറ,മലപ്പുറം-679334

# ഗാന്ധി മാർഗ്ഗത്തിൽ രണ്ട് ശില്പശാലകൾ

## ചക്കഉൽപ്പന്ന നിർമ്മാണം


കേരളത്തിൽ സുലഭമായ ചക്കയിൽ നിന്നുള്ള വിവിധ തരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലിപ്പിക്കുന്നതിനും അതുവഴി സ്വയംതൊഴിൽ പരിശീലനത്തിനും അവസരം. 2012 ഏപ്രിൽ 14 ന് നിലമ്പൂരിൽ വെച്ച് നടക്കുന്ന ഏകദിന ശില്പശാലപങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

## കളിപ്പാട്ട നിർമ്മാണം

കടലാസ്, പാഴ്വസ്തുക്കൾ മണ്ണ്, മുള തുടങ്ങിയവ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമ്മിക്കാൻ പരിശീലിപ്പിക്കുന്ന ശില്പശാലയിൽ മുതിർന്നവർക്കും കുട്ടികൾക്കും പങ്കെടുക്കാം.

*വിവരങ്ങൾക്ക്: ലിറ്റിൽ മാസിക, ചുങ്കത്തറ.പി.ഒ.*

*ഫോൺ: 9946428284*




SOUNDS OF SILENCE

geek and poke



കാർട്ടൂണിസ്റ്റ്-
ഒലിവർ വിഡർ

s.10/- Little Masika March 2012 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12

## വംശനാശ ഭീഷണിയുള്ള

# സുവർണപന്നൽ വൃക്ഷം നശിപ്പിക്കപ്പെടുന്നു.

***മഴക്കാലത്ത് ജലം ശേഖരിച്ച് വേനലിൽ മണ്ണിലേക്ക് തിരിച്ചു നൽകുന്ന വൃക്ഷമാണിത്.***

കാടുത്ത വേനലിലും ഭൗമോപരിതലത്തിലെ ജലസാന്നിധ്യം നിലനിർത്തുന്നതും പശ്ചിമഘട്ടത്തിന്റെ പ്രത്യേകതയുമായ സുവർണപന്നൽ വൃക്ഷം (ഗോൾഡൻ ട്രീ ഫേൺ) വ്യാപകമായി നശിപ്പിക്കപ്പെടുന്നു. ജലം കമ്പിലും ഇലകളിലുമായി സംഭരിച്ച ശേഷം വേനൽക്കാലത്ത് തിരികെ മണ്ണിലേക്ക് തിരിച്ചുവിടുകയാണ് ഇവ ചെയ്യുന്നത്. അതിനാൽ ഇവയുടെ സാന്നിധ്യം വർഷം മുഴുവൻ ജലസമൃദ്ധി നിലനിർത്തുകയും മഴക്കാടുകൾക്കും നിത്യഹരിത ചോലവനങ്ങൾക്കും കാരണമാകുകയും ചെയ്യുന്നതായാണ് കണ്ടെത്തൽ. സമുദ്ര നിരപ്പിൽ നിന്ന് 6000 അടി ഉയരത്തിൽ മാത്രം കാണപ്പെടുന്നതും പരിണാമ വിധേയമാകാത്തതുമായ സസ്യമാണെന്നതാണ് ഇതിന്റെ പ്രത്യേകത.

60 ദശലക്ഷം വർഷം മുമ്പ് മുതൽ ഭൂമുഖത്ത് ഉണ്ടായിരുന്ന വൃക്ഷമായാണ് ശാസ്ത്രജ്ഞർ ഇതിനെ പരിഗണിക്കുന്നത്. ദിനോസറുകളുടെ കാലത്തുണ്ടായ മഹാനാശത്തെ അതിജീവിച്ച ഇവ കാഴ്ചയിൽ തെങ്ങിനെപ്പോലിരിക്കും. ആമസോൺ വനങ്ങളിലും കാണപ്പെടുന്ന ഇവയുടെ ശാസ്ത്രീയനാമം സയത്തീയ ജൈജാന്റിക്ക എന്നാണ്.

ലോകത്ത് അതിവേഗം വംസനാശ ഭീഷണി നേരിടുന്ന സസ്യങ്ങളുടെ ഗണത്തിൽ റെഡ് ഡേറ്റാ ബുക്കിൽ പ്രധാന സ്ഥാനമാണ് സുവർണ പന്നലിനുള്ളത്. പൂക്കളില്ലാത്ത ഇവയുടെ വംശവർദ്ധന സ്വയം പരാഗണത്തിലൂടെയാണ്. ഓരോ ഭീമൻ പന്നൽ വൃക്ഷവും ഓരോ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതായാണ് വിലയിരുത്തൽ. ഇവ ഇല്ലാതാകുന്നതോടെ വൻ പരിസ്ഥിതി പ്രത്യാഘാതങ്ങളാകും ഫലം. പശ്ചിമഘട്ടത്തിലെ ആനമല നാഷണൽ പാർക്കിലെ മന്നവൻ ചോലയിൽ ഇപ്പോഴുള്ള വലിയ പന്നൽ വൃക്ഷത്തിന് 10 മീറ്ററിലധികം ഉയരമുണ്ട്. ഇത്തരം നിരവധി ചെടികൾ മൂന്നാറിലുണ്ടായിരുന്നു. തേയിലത്തോട്ടങ്ങളുടെ വരവും യൂക്കാലി തോട്ടങ്ങളുടെ വ്യാപനവും ഇവയുടെ നിലനിൽപിന് ഭീഷണിയായി. കാട് വെട്ടിത്തെളിക്കുന്ന ലാഘവത്തോടെ ഇവയെ വെട്ടി നശിപ്പിക്കുന്നവരും വർദ്ധിച്ചതോടെ മൂന്നാറിൽ ഇവ നാമമാത്രമായി. ആഗോള തലത്തിൽ വൻ പ്രാധാന്യമുണ്ടെങ്കിലും മൂന്നാറിൽ ഇതിനെ സംരക്ഷിക്കാൻ പ്രത്യേക നടപടിയൊന്നുമില്ല.ഊട്ടിയിൽ ഇവ ധാരാളം ഉണ്ടായിരുന്ന പ്രദേശം ഫേൺ ഹിൽസ് എന്ന പേരിൽ അറിയപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ അവിടെയുമില്ല.പശ്ചിമഘട്ടത്തിന്റെ ആവാസ വ്യവസ്ഥയ്ക്കും ജൈവവൈവിധ്യത്തിനും മുതൽക്കൂട്ടായ സസ്യ മുത്തശ്ശനെ സംരക്ഷിക്കണമെന്നതാണ് പരിസ്ഥിതി പ്രേമികളുടെ ആവശ്യം.



Edited, Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.